
# ബൈബിൾ
# ട്രൂത്ത്



# എഴുതുക, സമ്മാനം നേടുക

1990 ഏപ്രിൽ മുതൽ 91 മാർച്ച് വരെ പ്രസിദ്ധീകരിക്കുന്ന ബൈബിൾ ട്രൂത്തിലെ ലേഖനങ്ങളിൽ തിരഞ്ഞെടുക്കുന്ന ഏററവും നല്ല ആവിഷ്ക്കരണത്തിന് സമ്മാനം ലഭിക്കുന്നതാണ്. ലേഖനങ്ങൾ സമ്മാനാർഹമാകണമെങ്കിൽ, 3 പേജിൽ കവിയാത്തതും പേപ്പറിൻെറ ഒരുവശത്ത് മാത്രം എഴുതിയതും ആയിരിക്കണം. മററു പുസ്തകങ്ങളിൽ പ്രസിദ്ധീകരിച്ചവ ആകരുത്. ബൈബിൾ സത്യത്തിൽ ഉൾക്കൊള്ളുന്നവയായിരിക്കണം. പൂർണ്ണമായ മേൽവിലാസവും ഒപ്പിട്ട സാക്ഷ്യപത്രവും ഉണ്ടായിരിക്കണം. ലേഖനങ്ങൾ തിരിച്ചു വേണമെന്നുള്ളവർ മുൻകൂട്ടി അറിയിക്കുക. അന്തിമ തീരുമാനം പ്രസാധക സമിതിയുടേത്.

---

# കുടുംബപ്രശ്നങ്ങളും പരിഹാരവും

വായനക്കാർക്കും മററനേക കുടുംബങ്ങൾക്കും പ്രയോജനപ്പെടുന്ന ഒരു പരമ്പര ബൈബിൾ ട്രൂത്തിൽ, ഏപ്രിൽ മുതൽ പ്രതീക്ഷിക്കാം. അതിൽ നിങ്ങളും പങ്കു ചേരുക.

നിങ്ങൾ ചെയ്യേണ്ടത്, നിങ്ങളുടെ വീട്ടിലെ ഏതൊരംഗത്തിൻേറയും പ്രശ്നങ്ങൾ എഴുതാം. ഭാര്യ ഭർത്താവിൻെറ, ഭർത്താവ് ഭാര്യയുടെ, മാതാപിതാക്കൾ, കുഞ്ഞുങ്ങളുടെ, കുഞ്ഞുങ്ങൾ മാതാപിതാക്കളുടെ. നിങ്ങൾ ഭയപ്പെടേണ്ട! നിങ്ങളുടെ പേരോ മേൽവിലാസമോ ഒരിക്കലും ഞങ്ങൾ പ്രസിദ്ധീകരിക്കുകയില്ല. പ്രശ്നങ്ങൾ മാത്രമല്ല, അവയ്ക്കുള്ള പരിഹാരം കൂടെ നിർദ്ദേശിക്കാം. പ്രശ്നങ്ങൾ ഇല്ലാത്ത ഭവനങ്ങളില്ല. ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ നമുക്ക് ഒത്തുചേർന്നു ശ്രമിക്കാം.

എഡിററർ

# ബൈബിൾ ട്രൂത്ത്

Editors

P. K. VARGHESE *** *** J. C. CHOATE ***

Published by church of christ

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

Vol 3 | January 1990 | No. 10


## എഡിറ്റോറിയൽ

ഒരു വർഷം കൂടെ നമ്മെ പിന്നിട്ട്, നാം പുതുവർഷത്തിലേക്കു കടന്നിരിക്കുന്നു. കഴിഞ്ഞവർഷം വരെ നമ്മിൽ ഉണ്ടായിരുന്ന പല ദുസ്വഭാവങ്ങൾ നാം വിട്ടുകളഞ്ഞിട്ടുണ്ടോ? ഏതെങ്കിലും പുതിയ സ്വഭാവം മോശമായി നിങ്ങളിൽ കടന്നുകൂടിയിട്ടുണ്ടോ? ദുർച്ചിന്തകൾ നിങ്ങളെ ഇപ്പോഴും അലട്ടുന്നുണ്ടോ? നിങ്ങൾക്ക് ഒരു വയസുകൂടെ ആയി പ്രായം വർദ്ധിക്കുകയാണല്ലൊ. അതിന്റെ അർത്ഥം, നിങ്ങളുടെ ഭൂമിയിലെ ആയുസിൽ ഒരുവർഷം കുറഞ്ഞിരിക്കുന്നു എന്നതാണ്. ദൈവത്തോട് നിങ്ങൾ എത്രയുംവേഗം അടുക്കേണ്ടതിന്റെ ആവശ്യത്തെയും അതു ചൂണ്ടിക്കാണിക്കുന്നു. ഉത്സാഹതിമിർപ്പും ആഘോഷവും പുതുവത്സര പിറവിയിൽ മാത്രം ഒതുങ്ങിനില്ക്കുന്നു. പിന്നീട് എല്ലാം പഴയരീതിയിലേക്കു വഴുതിനീങ്ങുന്നു. എന്നാൽ നമ്മിൽ എപ്പോഴും പുതുമയാണ് കാണേണ്ടത്. പുതുതായ ജനനം ആത്മീയമായി എല്ലാവർക്കും ഉണ്ടാകണം. വീണ്ടും ജനനംകൂടാതെ ആർക്കും ദൈവരാജ്യത്തിൽ പ്രവേശിപ്പാൻ സാദ്ധ്യമല്ല. നാം എല്ലാവരും പുതിയ സൃഷ്ടികളായി തീരുകയും പഴയ പാപസംബന്ധമായ ശരീരത്തെ പൂർണ്ണമായി ഉപേക്ഷിക്കുകയും ചെയ്യുക. നിങ്ങളുടെ ശരീരത്തെ മെനഞ്ഞെടുത്ത ദൈവം നിങ്ങളെ നശിപ്പിക്കാതിരിക്കുവാൻ നിങ്ങളെ പൂർണ്ണമായും ദൈവത്തിനു വിട്ടുകൊടുക്കുക. ആത്മാവിന്റെ അന്തമായ രക്ഷ ദൈവത്തിലാണ്. പ്രത്യാശ ലഭിക്കേണ്ടതും ദൈവത്തിൽ നിന്നാണ്. ഈ പുതിയവർഷത്തിൽ നിങ്ങൾ ഒരു ദൈവ മകനും ദൈവമകളുമായി തീരുവാനും പ്രത്യാശയുള്ള വാഗ്ദാനം മുറുകെ പിടിക്കുവാനും ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

പി. കെ. വർഗീസ്

# ആവർത്തനം മൂലമുള്ള പഠനം

J. C. ചോട്ട്

കാര്യക്ഷമതയുള്ളവർ എന്നു കരുതുവാൻ ഇഷ്ടപ്പെടുന്നവരാണ് നമ്മിൽ അധികം പേരും. ചില വസ്തുതകളെ കേൾക്കുമ്പോൾ തന്നെ ശ്രദ്ധിച്ച് പഠിക്കുവാനുള്ള കഴിവ് ഉണ്ടെന്ന് ചിന്തിക്കുന്നവരാണ് നാം. ഒന്നുമില്ലെങ്കിലും നാം നിസ്സാരമനസ്കരല്ലെന്നും ബുദ്ധിയുള്ളവരാണെന്നും ഉള്ള തോന്നൽ നമ്മിൽ ഉണ്ട്. നാം ബുദ്ധിയുള്ളവരും കാര്യക്ഷമതയുള്ളവരും ആയിരിക്കാം എന്നിരുന്നാലും ഒരു കാര്യം ആവർത്തിച്ച് അല്ലെങ്കിൽ വീണ്ടും വീണ്ടും കേൾക്കുന്നതുകൊണ്ട് എന്തുമാത്രം അതു നമുക്ക് അറിയാം എന്നതു വ്യക്തമാണ്. നമുക്കു പുതിയതും വ്യത്യസ്ഥവുമായ കാര്യങ്ങളെ കുറിച്ചാകുമ്പോൾ പഠിക്കുവാൻ ആവർത്തനം അത്യന്താപേക്ഷിതം തന്നെ. ഈ കാര്യങ്ങൾ കേൾക്കുമ്പോൾ നമ്മുടെ ചിന്തക്കും ജീവിതത്തിനും മാറ്റം വരുത്തേണ്ടതിന്റെ ആവശ്യകതയെ ബോധ്യപ്പെടുത്തുന്നു. ആത്മീയമായ കാര്യങ്ങളിൽ അഥവാ മതപരമായ കാര്യങ്ങളിൽ ഇതു തീർച്ചയായും അനിവാര്യമാണ്.

ഒരു കുട്ടി ഭാഷ സംസാരിക്കുവാൻ പഠിക്കുന്നതെങ്ങനെയാണ്? ആരെങ്കിലും ഒരു പുതിയ ഭാഷ പഠിക്കുന്നതെങ്ങനെ? ഗണനവും ഗണിതശാസ്ത്രവും അക്ഷരങ്ങളും എല്ലാം എങ്ങനെ ഒരാൾ മനസ്സിലാക്കുന്നു? വാഹനങ്ങൾ ഓടിക്കുന്നതു തുടങ്ങി മറ്റെന്തു തന്നെയായാലും അതു വാസ്തവമെന്ന് നിങ്ങൾക്കു തോന്നുന്നില്ലേ? അറിവുള്ളതും തികവുറ്റതുമായ ഒരു വ്യവസായത്തിന്റെ പിന്നിലും ആവർത്തനം ഉണ്ടെന്നതിനു സംശയമേ വേണ്ട....നാം ചെയ്യേണ്ടതു, വീണ്ടും വീണ്ടും കേൾക്കുകയും തുടർച്ചയായി പരിശീലിക്കുകയും ചെയ്യുന്നതിനാൽ അഗാധപാണ്ഡിത്യത്തിൽ എത്തുന്നു. ഇന്നു ദൈവേഷ്ടം മനുഷ്യർ പഠിക്കുന്ന കാര്യവും ഇതിൽനിന്നും അന്യമല്ല. ഒരു പ്രസംഗം ഒരു പ്രാവശ്യം കേട്ടു കഴിയുമ്പോഴോ, അതു വായിച്ചു കഴിയുമ്പോഴോ തന്നെ ആ വിഷയത്തിൽ അവർ വൈദഗ്ധ്യം നേടി എന്ന് എന്തുകൊണ്ടോ ചിന്തിച്ചു പോകുന്നു. ദൈവസന്ദേശം എത്ര ലളിതമായിരുന്നാൽ പോലും ആ ലാളിത്യത്തിൽ അനേകർ ഇടറുന്നു എന്നതാണ് പരമാർത്ഥം. അതു കഠിനമാണെന്നും പ്രയാസകരമാണെന്നും ചിന്തിച്ച് വിട്ടുകളയുകയാണ് അവർ ചെ

ക്കുന്നത്. പക്ഷേ യാഥാർത്ഥ്യം അതിൽ നിന്നും വ്യത്യസ്തമാണ് താനും. എല്ലാ മനുഷ്യരും ദൈവഹിതം എന്തെന്ന് കേൾക്കുവാനും മനസ്സിലാക്കുവാനും പഠിക്കുവാനും അനുസരിക്കുവാനും താൽപര്യപ്പെടുന്നു. തെററായ ആശയങ്ങൾ; മനുഷ്യനിർമ്മിതമായ ഉപദേശങ്ങൾ എന്നിവ കേട്ടു പഠിച്ചതുകൊണ്ട് ധാരാളമാളുകൾ കലങ്ങി നഷ്ടപ്പെട്ടവരായി കഴിയുകയാണ്.

ദൈവം ചെയ്തിട്ടുള്ള കാര്യങ്ങൾ ജനങ്ങളെ ഉപദേശിക്കുന്നതിനും ഓർമ്മിപ്പിക്കുന്നതിനും ഈ ആവർത്തനം വളരെ ഫലവത്തായി ഉപയോഗിച്ചിട്ടുണ്ട്. ഉദാഹരണമായി, അടിമദേശത്തുനിന്നും ദൈവജനത്തെ വിട്ടുവിക്കുന്നതിനെ സംബന്ധിച്ച് പഴയ നിയമത്തിലും പുതിയ നിയമത്തിലും വിവരിച്ചിരിക്കുന്നതായി നമുക്കു കാണാം. ദൈവ വചനം കൈക്കൊള്ളാതിരിക്കുന്നവർക്ക് ബോധ്യപ്പെടേണ്ടതിന് ക്രിസ്തു പഴയനിയമഭാഗങ്ങൾ പലപ്പോഴും ഉദ്ധരിച്ചിട്ടുണ്ട് (മത്തായി 13:13–17). അവർ കാണുകയും കേൾക്കുകയും ചെയ്തിട്ട്, അവർ കണ്ടതും കേട്ടതും ഗ്രഹിച്ചില്ല എന്നതു അവരെ കുറ്റപ്പെടുത്തുകയാണ് ചെയ്യുന്നത്. അവർക്കു മനസ്സിലാക്കുവാൻ കഴിഞ്ഞില്ല എന്നതല്ല; മനസ്സിലാക്കിയില്ല എന്നതാണ് സത്യം.

മിക്കപ്പോഴും യേശു ഉപമയായിട്ടാണ് സംസാരിച്ചിരുന്നത് (മത്തായി 13:3). ഇതു വളരെ നിസ്സാരമായ ഒരു രീതിയാണ്. എന്നാൽ ഭൗതികമായ കാര്യങ്ങളെ എടുത്ത് ആത്മീയ പാഠം പഠിപ്പിക്കുവാനായിട്ടാണ് ക്രിസ്തു അതു ചെയ്തത്. മറെറാരർത്ഥത്തിൽ പറഞ്ഞാൽ അവയെല്ലാം നമ്മുടെ ആധുനിക ചിത്രീകരണങ്ങളെപോലെ ആയിരുന്നു എന്നു പറയാം.

ക്രിസ്തുവിന്റെ ദൃക്സാക്ഷികളായിരുന്നു മത്തായിയും മർക്കൊസും, ലൂക്കൊസും, യോഹന്നാനും മററും. അവരെല്ലാം അവന്റെ ഉപദേശം കേൾക്കയും അത്ഭുതങ്ങൾ കാണുകയും ചെയ്തിട്ടുണ്ട്. യേശുവിന്റെ മരണം, അടക്കം, ഉയിർപ്പ് എന്നിവയെ കുറിച്ചും അവർ പ്രസ്താവിച്ചിട്ടുണ്ട്. അവരുടെ പുസ്തകങ്ങൾ നിങ്ങൾ വായിച്ചാൽ ഇതുപോലെയുള്ള കാര്യങ്ങളെ കുറിച്ച് ഒരോരുത്തരും കേട്ടതും കണ്ടതുമായ രീതിയിൽ വിവരിക്കുന്നതായി കാണാം. ക്രിസ്ത്യാനിത്വം എങ്ങനെ വളർന്നു വ്യാപിച്ചു വെന്നതു വിവരിക്കുന്ന പുസ്തകമാണ് അപ്പൊസ്തല പ്രവൃത്തികൾ. പതിനൊന്നു പരിവർത്തനങ്ങൾ ഇതിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രവൃത്തി 9-ാം അദ്ധ്യായത്തിൽ ശൗലിന്റെ പരിവർത്തനത്തെ കുറിച്ച് പറയുന്നതു വായിക്കുന്നു. എന്നാൽ 22-ാം അദ്ധ്യായം നോക്കുമ്പോൾ ശൗൽ തന്റെ പരിവർത്തന കഥ വിവരിക്കുന്നുണ്ട്.

അതേപോലെ പ്രവൃത്തി 10-ാം അദ്ധ്യായത്തിൽ കൊർണ്ണേ

ല്യോസിന്റേയും കുടുംബത്തിന്റേയും പരിവർത്തന സംഭവം എ ഴുതിയിരിക്കുന്നതു കാണാം. പിന്നീട് പത്രോസ് ആ കഥ 11-ാം അദ്ധ്യായത്തിൽ വിവരിക്കുന്നുണ്ട്, ഈ കാര്യങ്ങളെല്ലാം കാണുമ്പോൾ മുഷിച്ചിൽ അനുഭവപ്പെടുന്നുവോ? മത്തായിയുടേയും, മർക്കൊസിന്റെയും, ലൂക്കൊസിന്റെയും യോഹന്നാന്റേയും സുവിശേഷ വിവരണങ്ങളിൽ എല്ലാം പറഞ്ഞിരിക്കുന്ന മരണം, അടക്കം, ഉയിർപ്പ് എന്നിവയെക്കുറിച്ച് നിങ്ങൾക്കു മടുപ്പ് തോന്നുന്നുവോ? അപ്പൊസ്തല പ്രവൃത്തികളുടെ പുസ്തകം വായിക്കുമ്പോഴോ? എഫേസ്യ, ഫിലിപ്പ്യാ, കൊലോസ്യ എന്നീ ലേഖനങ്ങളിൽ പൗലോസ് വീണ്ടും വീണ്ടും പറഞ്ഞു കൊണ്ടിരിക്കുന്നതു വായിക്കുമ്പോഴോ? ഇല്ല; അവയൊന്നും ആർക്കും മുഷിച്ചിലോ മടുപ്പോ ഉളവാക്കുന്നില്ല; മറിച്ച് അവ, നവോന്മേഷവും, രോമാഞ്ചജനകവും, വിവരണാത്മകവും വെല്ലുവിളി ഉയർത്തുന്നവയുമാണ്.

നാം വേണ്ടുവോളം വായിക്കുന്നില്ല എന്നതാണ് നമ്മുടെ പ്രശ്നം. സമയമെടുത്ത് വായിക്കുകയും ഗ്രഹിക്കുകയും ധ്യാനിക്കുകയും ചെയ്യേണ്ടതാണ്. പക്ഷേ ചെയ്യുന്നില്ലല്ലൊ. കാരണം മാനസികമായി നാം അലസരാണ്. വിവേചനാശക്തി ഉപയോഗിക്കുവാനുള്ള അവസരം അവർ നഷ്ടപ്പെടുത്തുന്നു എന്നു പറയാം.

സുവിശേഷം നാം വീണ്ടും വീണ്ടും കേൾക്കുന്നവരാണ്. നാം ആരാധനക്കു പോകുമ്പോൾ ബൈബിൾ പഠന സമയത്തു കേൾക്കുന്ന കാര്യങ്ങൾ പൊതുവായി നമുക്ക് അറിയാവുന്ന കാര്യങ്ങൾ ആയിരിക്കാം. പ്രസംഗം, തിരുവെഴുത്ത് ഉപദേശം എന്നിവയെല്ലാം ദൈവിക കാര്യങ്ങളെ വീണ്ടും വീണ്ടും ഓർമ്മിപ്പിക്കുകയാണ് ചെയ്യുന്നത്. പത്രോസ്, തന്റെ ജീവിത സമയത്തു ജീവിച്ചിരുന്ന ക്രിസ്ത്യാനികളോടു പറയുന്നത് ശ്രദ്ധിക്കുക. "അതുകൊണ്ടു നിങ്ങൾ അറിഞ്ഞവരും ലഭിച്ച സത്യത്തിൽ ഉറച്ചു നില്ക്കുന്നവരും എന്നു വരികിലും ഇതു നിങ്ങളെ എപ്പോഴും ഓർപ്പിപ്പാൻ ഞാൻ ഒരുങ്ങിയിരിക്കും. നമ്മുടെ കർത്താവായ യേശുക്രിസ്തു എനിക്കു അറിവു തന്നതുപോലെ എന്റെ കൂടാരം പൊളിഞ്ഞുപോകുവാൻ അടുത്തിരിക്കുന്നു എന്നു അറിഞ്ഞിരിക്കയാൽ ഞാൻ ഈ കൂടാരത്തിൽ ഇരിക്കുന്നേടത്തോളം നിങ്ങളെ ഓർമ്മിപ്പിച്ചുണർത്തുക യുക്തം എന്നു വിചാരിക്കുന്നു" (2 പത്രൊസ് 1:12-15).

വീണ്ടും അപ്പൊസ്തലൻ പറയുന്നതു, "പ്രിയമുള്ളവരേ ഞാൻ ഇപ്പോൾ നിങ്ങൾക്കു എഴുതുന്നതു രണ്ടാം ലേഖനമല്ലോ: വിശുദ്ധ പ്രവാചകന്മാർ മുൻപറഞ്ഞ വചനങ്ങളും നിങ്ങളുടെ അപ്പൊസ്തലന്മാർ മുഖാന്തരം കർത്താവും രക്ഷിതാവുമായവൻ തന്ന കല്പനയും ഓർത്തുകൊള്ളേണമെന്നു ഈ ലേഖനം രണ്ടിനാലും ഞാൻ നിങ്ങളെ ഓർമ്മപ്പെടുത്തി നിങ്ങളുടെ പരമാർത്ഥ മനസ്സ് ഉണർത്തു

ന്നു (2 പത്രൊസ് 3:1–2). പത്രൊസ് ഇവിടെ പറയുന്നത്, അവരെ ദൈവഹിതം ഓർപ്പിക്കുന്നു എന്നാണ്. ദൈവത്തിന്റെ നിർമ്മല സത്യം അവർ പഠിച്ചവരല്ലേ? തീർച്ചയായും അതെ. ഒരുപക്ഷേ ആ സത്യം അവർ ധാരാളം പ്രാവശ്യം കേട്ടിരിക്കാനുമിടയുണ്ട്. എന്നാൽ മനുഷ്യൻ പെട്ടെന്ന് മറന്നുപോകുവാൻ സാദ്ധ്യതയുണ്ട്. കേട്ട സത്യത്തെ വീണ്ടും അവരിൽ ഓർമ്മിപ്പിക്കേണ്ടതിന്റെ ആവശ്യകത വ്യക്തമായല്ലോ. അവരെ അതു ബോധ്യപ്പെടുത്താതിരുന്നാൽ ദൈവത്തിൽ നിന്നു അകന്നു പോയി നഷ്ടപ്പെട്ടേക്കാം.

അനേക വർഷങ്ങളായി ഞാൻ ശ്രദ്ധിച്ചിട്ടുള്ള ഒരു കാര്യം, ബൈബിൾ കോഴ്സ് നടത്തുന്നവരിൽ അധികംപേരും പറയാറുള്ളത്, 'ഈ പാഠങ്ങൾ വളരെ നിസ്സാരമായവ' എന്നാണ്. എന്നാൽ അവയ്ക്കുള്ള ഉത്തരങ്ങൾ എഴുതി അയയ്ക്കുമ്പോൾ, ചില ചോദ്യങ്ങൾക്കു തെറ്റായ ഉത്തരങ്ങൾ എഴുതി വിടാറുള്ളത് കാണിക്കുന്നത്, ആ പാഠത്തിൽ പ്രതിപാദിച്ച കാര്യങ്ങൾ അവർക്ക് മനസിലായില്ല എന്നത്രെ. ചിലപ്പോൾ നാം വിചാരിക്കുന്നത്ര കാര്യക്ഷമതയുള്ളവരായിരിക്കയില്ല. അതു നമ്മുടെ പ്രവൃത്തിയുടെ ഫലമായി അറിയാവുന്നതാണ്. അതിരുകവിഞ്ഞ ആത്മവിശ്വാസമോ മുൻവിധിയോ ഏതൊരു വ്യക്തിയേയും ചിന്തിപ്പിക്കാതിരിക്കുന്നു.

ആത്മാർത്ഥതയോ വിശ്വസ്തതയോ ഇങ്ങനെയുള്ളവർക്കു കണ്ടേക്കാം. പകരം അവയേക്കാൾ ഇവിടെ പ്രസക്തി ക്രിയാത്മകമായ സമീപനത്തിനാണ്. അതിനോടൊപ്പം പരമാർത്ഥതയും വിശ്വസ്ത ജീവിതവും നമുക്കു തെളിയിക്കാൻ പററും. കേൾക്കുന്ന കാര്യങ്ങൾ വിലയിരുത്തി തീരുമാനമെടുക്കുന്നതിൽ ഓരോരുത്തർക്കും ഉത്തരവാദിത്വമുണ്ട്. വിരസത അനുഭവപ്പെടുന്നതു താല്പര്യമില്ലാത്തതു കൊണ്ട്. ദൈവത്തോടും ദൈവത്തിന്റെ വചനത്തോടും നമുക്കു പ്രതിപത്തിയുണ്ടാകണം. സൃഷ്ടിപരമായ പലതും അടിസ്ഥാനപരമായ ആ ഗുണത്തിൽനിന്നും ഉടലെടുക്കും. നമ്മുടെ വ്യക്തിത്വത്തിനു തന്നെ പറയത്തക്ക മാററം സംഭവിക്കുകയും ചെയ്യും.

വളരെയധികം ആളുകളുമായി ചേർന്നു തിരുവചനം പഠിക്കുകയും രക്ഷിക്കപ്പെടുവാൻ ഒരാൾ എന്താണ് ചെയ്യേണ്ടതെന്നും ശ്രദ്ധേയമായും സ്പഷ്ടമായും ഞാൻ അവർക്കു കാണിച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. അതിലും വിശദമായിതന്നെ, സഭയുടെ തിരിച്ചറിയാവുന്ന തെളിവുകൾ, കർത്താവിന്റെ സഭയും മററുള്ള സഭകളും തമ്മിലുള്ള വ്യത്യാസം തുടങ്ങിയവയെ കുറിച്ചെല്ലാം ആദ്യമായി ഞാൻ അവരെ പഠിപ്പിച്ചിട്ടുണ്ട്. എന്നിട്ടും അതിനടുത്ത ആഴ്ച്ച, ഞാൻ അവരോട് സംസാരിക്കുമ്പോൾ ഈ കാര്യങ്ങളൊന്നും പറഞ്ഞിട്ടില്ലാത്തവിധം അവർ സംസാരിക്കുന്നതു കേട്ടിട്ടുണ്ട്. സഭ

യെ സംബന്ധിച്ചും രക്ഷാപദ്ധതിയെകുറിച്ചും അവർക്കു മുൻപുണ്ടായിരുന്ന ആശയ ഗതിയിലേക്ക് അവർ വീണ്ടും തിരിച്ചുപോകുന്നതു ഞാൻ ശ്രദ്ധിച്ചിട്ടുണ്ട്. ചർച്ചയുടെ ആരംഭത്തിൽ ഈ വിഷയങ്ങളെക്കുറിച്ചുള്ള സത്യം അവർക്കു അറിയാമെന്ന തോന്നലായിരുന്നു. വാസ്തവത്തിൽ അവർക്ക് അറിഞ്ഞുകൂടായിരുന്നു. അവർ സത്യം കേട്ടു, ആ സമയത്ത് അതു ശരിയാണെന്നു ബോധ്യപ്പെട്ടു; എന്നാൽ അവരിൽ അത് ഉറപ്പാക്കിയില്ല. അതു അവർ ശരിയായി മനസിലാക്കിയില്ല. അതു അവരുടെ ചിന്തക്കു വിഷയീഭവിച്ചില്ല. അതുകൊണ്ട് ഒരേവിഷയം തന്നെ ആവർത്തിച്ച് അനേക പ്രാവശ്യം ഉപദേശിക്കയും പഠിപ്പിക്കയും ചെയ്യേണ്ടത് ആവശ്യമെന്നു തെളിയുന്നു. അങ്ങനെ അതു മുഴുവനായി ഗ്രഹിച്ചു കഴിയുമ്പോൾ അവർ വിശ്വസിക്കുകയും കർത്താവിനെ അനുസരിക്കുകയും ചെയ്യും.

നിങ്ങൾ കേൾക്കുന്ന കാര്യങ്ങൾ ബൈബിളിൽ നിന്നും വായിച്ച് മനസിലാക്കുക. ക്രിസ്ത്യാനിയായിതീരുവാൻ ആവശ്യമായതു കേട്ടുകഴിഞ്ഞാൽ വായനയും പഠനവും അവസാനിപ്പിക്കാതിരിക്കുക. വീണ്ടും വീണ്ടും വായിക്കുകയും കേൾക്കുകയും വിവേചിക്കുകയും ചെയ്ത് സത്യത്തെമാത്രം പിൻപററുക. സത്യത്തെ അന്വേഷിക്കുന്നതിനും സ്വീകരിക്കുന്നതിനും ഉള്ള അഭിവാഞ്ഛ വളർത്തിയെടുക്കുക. ദൈവത്തിന്റെ ഇഷ്ടം നിങ്ങളുടെ ജീവിതത്തിൽ പ്രാവർത്തികമാക്കുന്നത് അഭികാമ്യമായ കാര്യമാണ്. ഹൃദയപൂർവ്വം സത്യത്തെ അനുസരിക്കുന്നുവെങ്കിൽ പാപത്തിൽ നിന്നുള്ള സ്വാതന്ത്ര്യം നിങ്ങളുടെ പഠനഫലമായി ലഭിക്കും. എല്ലാം ശരിയായി മനസ്സിലാക്കിയിട്ടു ചെയ്താൽ, അതിൽ പൂർണ്ണസ്ഥിരത കാണിച്ച് മരണപര്യന്തം വിശ്വസ്ത ജീവിതം നയിക്കാൻ അതു സഹായകരമാകും.

# മരിച്ചവർ എവിടെയാകുന്നു?

മരണത്തോടുകൂടി ആത്മാവു, ശരീരം വിട്ടുസുബോധമുള്ള അവസ്ഥ തുടരുന്നു. എന്നാൽ അതു എവിടെയാകുന്നു? ശവക്കല്ലറയിൽ ശരീരത്തിനോടൊപ്പം അതു നിദ്രകൊള്ളുന്നില്ല. അതിനടുത്തു അലഞ്ഞുതിരിഞ്ഞു നടക്കുന്നുമില്ല. ചില മതാചാര്യൻമാർ അനുമാനിക്കുന്ന പ്രകാരം അതു മററു ശരീരങ്ങളിലേക്കു പ്രവേശിക്കുന്നില്ല. മരണത്തിനുശേഷം ആത്മാവിന് എന്തു സംഭവിക്കുന്നുവെന്നു ബൈബിൾ വ്യക്തമായി പഠിപ്പിക്കുന്നു. മരണത്തോടുകൂടി ആ

ത്മാവ് അതു നൽകിയ ദൈവത്തിങ്കലേക്കു തിരികെ പോകുന്നു. (സ: പ്ര: 12:7)

ഉയർത്തെഴുന്നേല്പു ഉണ്ടാകുന്നതുവരെ ആത്മാവ് എവിടെ ചെന്നു വിശ്രമിക്കുന്നു? അവസാനമായി ചെന്നെത്തേണ്ട സ്ഥലമായ സ്വർഗ്ഗത്തിലേക്കാണോ നരകത്തിലേക്കാണോ ആത്മാവ് മരണത്തിൽ പോകുന്നത്? ഇപ്പോൾ അവർ ചെന്നു എത്തുന്ന സ്ഥലം ന്യായവിധിക്കുശേഷം അവരുടെ സ്ഥിരമായ താവളമായിരിക്കുമോ അതൊ താല്ക്കാലിക വാസസ്ഥലം മാത്രമായിരിക്കുമോ? അവസാന ന്യായവിധി ദിവസത്തിൽ ക്രിസ്തു വീണ്ടും വരുമ്പോൾ വീണ്ടെടുക്കപ്പെട്ടവരോടു പറയും. "എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ, വരുവിൻ ലോകസ്ഥാപനം മുതൽ നിങ്ങൾക്കു വേണ്ടി തയ്യാറാക്കപ്പെട്ട രാജ്യത്തെ അവകാശമാക്കികൊൾവിൻ". എന്നാൽ പാപികളോടു അവൻ പറയും "ശപിക്കപ്പെട്ടവരേ, എന്നെവിട്ടു നിത്യാഗ്നിയിലേക്കു പോകുവിൻ....... ഇവർ നിത്യദണ്ഡനത്തിലേക്കും നീതിമാൻമാർ നിത്യജീവങ്കലേക്കും പോകും." (മത്താ:25:31–46) ആ ദിവസത്തിൽ ക്രിസ്തുവിന്റെ അനുയായികൾ അവരുടെ നീതിയുടെ കിരീടം സ്വീകരിക്കും. (2 തിമോ:4:8;1പത്രോ:5:4; ലൂക്കൊ 14:4) ക്രിസ്തു പറയുകയുണ്ടായി. "നിങ്ങളുടെ ഹൃദയം കലങ്ങി പോകരുത്. ദൈവത്തിൽ വിശ്വസിപ്പിൻ. എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ ഉണ്ട്. ഇല്ലെങ്കിൽ ഞാൻ നിങ്ങളോടു പറയുമായിരുന്നു. ഞാൻ നിങ്ങൾക്കു സ്ഥലം ഒരുക്കുവാൻ പോകുന്നു. ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിയാൽ, ഞാൻ ഇരിക്കുന്ന ഇടത്തു നിങ്ങളും ഇരിക്കേണ്ടതിനു പിന്നെയും വന്നു നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും. ഞാൻ പോകുന്ന ഇടത്തേക്കുള്ള വഴി നിങ്ങൾ അറിയുന്നു." (യോഹ:14:1–3) പഴയ നിയമത്തിൻ കീഴിൽ ജീവിച്ച വിശുദ്ധൻമാർ പോലും നീതിയുടെ നിത്യഭവനത്തിലേക്കുള്ള പ്രവേശനത്തിനായി ഇന്നും കാത്തിരിക്കുന്നു. പെന്തകൊസ്ത നാളിൽ പത്രോസ് ദാവീദിനെ ഉദ്ധരിച്ചു കൊണ്ടു പ്രഖ്യാപിച്ചു "ദാവീദ് സ്വർഗ്ഗാരോഹണം ചെയ്തിട്ടില്ലായെന്ന്" (അ:പ്ര:2:34). അതിനാൽ ആത്മാവുകൾ മരണനിമിഷത്തിൽ അവരുടെ നിത്യ അവസ്ഥയാകുന്ന സ്വർഗ്ഗത്തിലേക്കോ നരകത്തിലേക്കോ പ്രവേശിക്കുന്നില്ല.

മരണത്തിനും ഉയർത്തെഴുന്നേല്പിനും മദ്ധ്യയുള്ള കാലയളവിൽ ശരീരത്തിൽ നിന്നും വേർപെട്ട ആത്മാവുകൾ പാതാളത്തിൽ വസിക്കുന്നു. അതാണ് കർത്താവ് അവർക്കു വേണ്ടി ഒരുക്കിയിരിക്കുന്ന സ്ഥലം. ഈ വസ്തുത പുതിയ നിയമത്തിലെ രണ്ടുഭാഗങ്ങളിൽ പ്രസ്താവിച്ചിരിക്കുന്നു. (1) ലൂക്കൊ 16:23 മരണത്തിനു

ശേഷം ധനവാന്റെയും ലാസറിന്റെയും ആത്മാവുകൾ പാതാളത്തിൽ ആയിരുന്നു. പാതാളത്തിൽ യാതനാസ്ഥലത്തായിരുന്ന ധനവാൻ അവന്റെ കണ്ണുകളെമേല്പോട്ടു ഉയർത്തിയെന്നു യേശു പറഞ്ഞു (2) പ്രവൃ:2:27,31 യേശു മരിച്ചപ്പോൾ അവന്റെ ആത്മാവ് പാതാളത്തിലേക്ക് പോയി. പെന്തകോസ്തനാളിൽ ദാവീദിന്റെ പ്രവചനം ഉദ്ധരിച്ചുകൊണ്ടു പത്രോസ് പറഞ്ഞു "നീ അവന്റെ (ക്രിസ്തുവിന്റെ) പ്രാണനെ പാതാളത്തിൽ വിടുകയില്ല." അവനെ പാതാളത്തിൽ വിട്ടുകളഞ്ഞില്ലായെന്നു പിന്നീടും അവൻ പ്രസ്താവിക്കുകയുണ്ടായി. മനുഷ്യൻ മരിക്കുമ്പോൾ ആത്മാവ് പാതാളത്തിലേക്കും ശരീരം ശവക്കല്ലറയിലേക്കും പോകുന്നു എന്നതാണു സത്യം. പാതാളത്തെ രണ്ടായി വിഭജിച്ചിരിക്കുന്നു—പറുദീസ, യാതനാസ്ഥലം. പറുദീസയിൽ നീതിമാന്മാർ വസിക്കുന്നു, യാതനാസ്ഥലത്തു പാപികളും, ഉയർത്തെഴുന്നേല്പിൽ നീതിമാൻമാർ പറുദീസയും, പാപികൾ യാതനാസ്ഥലവും വിടുന്നു. ന്യായവിധിക്കുശേഷം നീതിമാൻമാർ സ്വർഗ്ഗത്തിലേക്കും പാപികൾ നരകത്തിലേക്കും പോകുന്നു.

## ശുദ്ധീകരണസ്ഥലം എന്താകുന്നു ?

സ്നാനത്തിനു ശേഷം ചെയ്തുപോയ ഗൗരവം കുറഞ്ഞ പാപങ്ങൾക്കുവേണ്ടി പാതാളത്തിൽ വച്ചു ആത്മാവ് അനുഭവിക്കുന്ന വേദനകളാൽ ശുദ്ധീകരിക്കപ്പെടുന്നു ഇതാണ് ശുദ്ധീകരണത്തിൽ അടങ്ങിയിരിക്കുന്ന തത്വം. ഇവിടെവച്ചു യാതനകൾ അനുഭവിക്കേണ്ട കാലാവധി അവരുടെ തെററുകളുടെ വലിപ്പത്തെ ആശ്രയിച്ചിരിക്കുന്നു. അവർ അവിടെവച്ചു ഒരിക്കൽ ശുദ്ധീകരിക്കപ്പെട്ടാൽ നേരെ സ്വർഗ്ഗത്തിലേക്കു പോകുന്നു. ഭൂമിയിലെ സഭക്കു അവളുടെ കൂട്ടപ്രാർത്ഥനകളാലും ത്യാഗങ്ങളാലും അവരുടെ യാതനകൾ കുറവു ചെയ്തു പൂർണ്ണമായി ഇല്ലാതാക്കി കൊടുക്കുവാനും അധികാരം ഉണ്ടെന്നു ഈ തത്വം സ്വീകരിക്കുന്നവർ വിശ്വസിക്കുന്നു. കർദിനാൾ ഗിബ്ബൺ ഇപ്രകാരം പറയുന്നു.

അടുത്ത ജീവിതത്തിൽ താല്ക്കാലിക ശിക്ഷയുടെ അവസ്ഥനിലനില്ക്കുന്നുവെന്നു കത്തോലിക്കാ സഭ പഠിപ്പിക്കുന്നു. നിസ്സാര കുററങ്ങളോടുകൂടി മരിക്കുന്നവർക്കും ക്ഷമിക്കപ്പെട്ട പാപങ്ങൾക്കുവേണ്ടി തൃപ്തികരമായ പ്രായശ്ചിത്തം ചെയ്യാത്തവർക്കും ഈ അവസ്ഥ നൽകപ്പെടും. ശുദ്ധീകരണ സ്ഥലത്തിലെ ആത്മാവുകൾക്കു സ്വയം സഹായിക്കുവാൻ കഴിയുകയില്ലായെന്നും ഭൂമിയിലെ വിശ്വാസികളുടെ പ്രാർത്ഥനകളാലും ത്യാഗങ്ങളാലും അവരെ സഹായിക്കുവാൻ സാധിച്ചേക്കുമെന്നും അവർ നമ്മെ പഠിപ്പിക്കുന്നു. (The Faith of our Fathers, London, John Murray Co, 1905, 47th edition page 247)

കർദിനാൾ ഗിബ്ബണിന്റെ ഇതേ ആശയം 2 മെക്കാബീസിന്റെ അപ്പോക്രിഫൽ ബുക്കിൽ (12:43–46) ഭാഗങ്ങളിൽ എടുത്തു പറഞ്ഞിരിക്കുന്നു. ദൈവിക അധികാരങ്ങളായ വചനങ്ങൾ ഇതു പഠിപ്പിക്കുന്നില്ല. ബൈബിളിൽ ഒരിടത്തും ശുദ്ധീകരണ സ്ഥലത്തെക്കുറിച്ചു യാതൊന്നും പറയുന്നില്ല ഒരു ആത്മാവിനും പറുദീസയിൽ നിന്നു യാതനാസ്ഥലത്തേക്കോ യാതനാസ്ഥലത്തുനിന്നു പറുദീസയിലേക്കോ കടക്കുവാൻ സാധിക്കുകയില്ല. ധനവാനോ, ലാസറോ, കുരിശിൽ മരിച്ച കള്ളനോ ശുദ്ധീകരണസ്ഥലത്തു പോയിരുന്നില്ല. മനുഷ്യപാപങ്ങൾ ക്രിസ്തുവിന്റെ രക്തത്താൽ കഴുകികളയുന്നു. "അവന്റെ പുത്രനായ ക്രിസ്തുവിന്റെ രക്തം നമ്മെ എല്ലാ പാപങ്ങളിൽ നിന്നും കഴുകിവെടിപ്പാക്കുന്നു "(1 യോഹ:1:7). എങ്ങനെയാണെങ്കിലും ഈ തത്വത്തെ താലോലിക്കുകയോ ആദായകരമാക്കുകയോ ചെയ്യാം. എന്നാൽ യഥാർത്ഥത്തിൽ ഇത് ക്രിസ്തുവിന്റേയോ അപ്പോസ്തലൻമാരുടേയോ സത്യപ്രബോധനം സ്വീകരിച്ച മററുള്ളവരുടേയോ പഠനത്തിന്റെ ഭാഗമല്ല

ബൈബിൾ മരിച്ചവർക്കു വേണ്ടി പ്രാർത്ഥിക്കുവാനോ ത്യാഗങ്ങൾ അനുഷ്ഠിക്കുവാനോ ആജ്ഞാപിക്കുന്നില്ല. (1 തിമൊ:2:5; റോമ:8:34; എബ്രാ.7:25) ഓരോ ക്രിസ്ത്യാനിയും പുരോഹിതനാകുന്നു, (1 പത്രൊ:2:5; വെളി:1:6) വിശുദ്ധനുമാകുന്നു (1 കൊരി:1:2). അവൻ ക്രിസ്തുവിലൂടെ ദൈവത്തിനോടു നേരിട്ടു പ്രാർത്ഥിക്കുന്നു വിശുദ്ധനോടോ വിശുദ്ധനിലൂടെയോ അവൻ പ്രാർത്ഥിക്കുന്നില്ല. മരിച്ചവർക്കു വേണ്ടി പ്രാർത്ഥിക്കുന്നത് നിഷ്ഫലമാകുന്നു. അതുപോലെ മരിച്ചവർക്ക് ലോകത്തിൽ ജീവിച്ചിരിക്കുന്നവർക്കുവേണ്ടി ദൈവത്തിൽ നിന്നോ സ്വയമായോ യാതൊരു പ്രതിഫലവും നൽകുവാൻ സാധിക്കുകയില്ല. ഭൂമിയിൽ ജീവിച്ചിരിക്കുന്ന തന്റെ സഹോദരങ്ങൾക്കു സഹായം നൽകുന്നതിനു വേണ്ടിയുള്ള മരിച്ച ധനവാന്റെ അഭ്യർത്ഥനക്കു യാതൊരു ഫലവും ഉണ്ടായില്ല. മരിച്ചുപോയവരുടെ അവസ്ഥക്കു മാററം വരുത്തുന്നതിന് ഇപ്പോഴും ആർക്കും ഒന്നും ചെയ്യുവാൻ സാധിക്കുകയില്ല. എന്തുകൊണ്ടെന്നാൽ അവർ തമ്മിലുള്ള വിടവ് നിശ്ചയിക്കപ്പെട്ടു കഴിഞ്ഞു.

## പരേതാത്മാക്കളിൽ നിന്നു സന്ദേശങ്ങളും പ്രചോദനങ്ങളും ലഭിക്കുമെന്നതു എന്താകുന്നു?

ശരീരത്തിൽ നിന്നു പുറപ്പെട്ടുപോയ ആത്മാവുകൾക്കു സുബോധം ഉണ്ടായിരിക്കുമെന്നു വചനങ്ങൾ നമ്മെ പഠിപ്പിക്കുന്നു.

(ശേഷം 27–ാം പേജിൽ)

# ആത്മാവിൻെറ ഫലം

## എം. കെ. കുര്യൻ

ദൈവത്തിൻെറ മനുഷ്യൻ നല്ല പ്രവൃത്തികൾ ചെയ്ത് ലോകത്തിൽ ഐക്യതയും സമാധാനവും നിലനിർത്തേണ്ടതിനും, ലോകത്തിൻെറ വെളിച്ചമായിത്തീരേണ്ടതിനും. തദ്വാരാ നിത്യജീവനു അവകാശികളായിത്തീരുവാനും ദൈവം അവർക്കു നല്കുന്ന ദാനമാണു ആത്മാവിൻെറ ഫലം.

"ദൈവം ആത്മാവ് ആകുന്നു" എന്നും, "ദൈവം സൽഗുണപൂർണ്ണനാകുന്നു" എന്നും തിരുവചനം പഠിപ്പിക്കുന്നതിനാൽ ആത്മാവിൻെറ ഫലത്താൽ ആത്മാവാകുന്ന ദൈവം സൽഗുണപൂർണ്ണനായിരിക്കുന്നു എന്നു തെളിയുന്നു. (യോഹ. 4:24; മത്താ 5:48) സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം ഇവയാണ് ആത്മാവിൻെറ ഫലം (ഗലാ5:22:23). ഇവ എണ്ണത്തിൽ ഒൻപതായി രേഖപ്പെടുത്തിയിരിക്കുന്നു എങ്കിലും ഫലത്തിൽ ഇവ ഒന്നാണെന്നും വെളിപ്പെടുന്നു. ഇക്കാരണത്താലാണ് "ആത്മാവിൻെറ ഫലങ്ങൾ" എന്നു വിശേഷിപ്പിക്കാതെ "ആത്മാവിൻെറ ഫലമോ" എന്ന് വർണ്ണിച്ചിരിക്കുന്നത് (ഗലാ. 5:22–23). മാത്രമല്ല, "ദൈവം സ്നേഹം തന്നേ" എന്നു പഠിപ്പിക്കുന്നതിനാൽ ആ ദൈവ സ്നേഹത്തിൽ ഈ ഫലമെല്ലാം അന്തർഭവിച്ചിരിക്കുന്നു എന്നതാണ് യാഥാർത്ഥ്യം (1 യോഹ. 4:9), (1 കൊരി 13), (1 യോഹ. 3:17-24). എന്നാൽ നാമെല്ലാവരും ദൈവത്തിൻെറ മനുഷ്യരാകുന്നത് എപ്രകാരമാണ്? ആദിമ ക്രിസ്ത്യാനികൾ കർത്താവിൻെറ ശിഷ്യന്മാരെന്നും, ദൈവത്തിൻെറ മനുഷ്യരെന്നും, ക്രിസ്തുവിൻെറ സഭയെന്നും അറിയപ്പെട്ടിരുന്നു (പ്രവൃ 6:1), (6:7), (9:1), (9:19), (11:26) (1 തിമൊ. 6:11), (2 തിമൊ. 3:16), (1 പത്രോ. 2:10).

എന്നാൽ ആരാണു അവരെ കർത്താവിൻെറ ശിഷ്യന്മാർ, ക്രിസ്തുവിൻെറ സഭ അഥവാ ക്രിസ്ത്യാനികൾ ആക്കിയതു? അതു ക്രിസ്തുവിൻെറ അപ്പൊസ്തലന്മാരാണു (മത്താ 28:18:20) എപ്രകാരം? അപ്പൊസ്തലന്മാർ യേശുവിനെക്കുറിച്ചുള്ള സു

(ശേഷം 23–ാം പേജിൽ)

# സഭകളും സഭാദ്ധ്യക്ഷന്മാരും

J. ഫ്രാൻസിസ്

(കഴിഞ്ഞ ലക്കത്തിൻെറ തുടർച്ച)

3. നിങ്ങളിൽ പാപമില്ലാത്തവൻ ആദ്യമായി കല്ലെറിയട്ടെ എന്നു ക്രിസ്തു പറഞ്ഞു (യോഹ: 8: 1 11).

4. ലോകാവസാനം വരെ നല്ലതും ചീത്തയും ഒരുമിച്ചു വളരട്ടെയെന്നും ക്രിസ്തു പറയുകയുണ്ടായി. (മത്താ: 13: 24–30, 39) ക്രിസ്തു തൻെറ രാജ്യത്തെ അല്ലെങ്കിൽ സഭയെ കുറിച്ചാണു ഇവിടെ പ്രതിപാദിക്കുന്നത്.

5. പാപിയായ ഒരംഗത്തെ സഭക്കു പുറത്താക്കുവാൻ വോട്ടു ചെയ്യുമ്പോൾ വോട്ടു ചെയ്യുന്നവർ രണ്ടു പ്രാവശ്യം ക്രൂരമായി പാപം ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ അവർ രണ്ടു നിയമങ്ങൾ ലംഘിക്കുന്നു.

a വിധിക്കപ്പെടാതിരിക്കുന്നതിനു നീ മററുള്ളവരെ വിധിക്കരുത് (മത്താ: 7:1).

b വിളവെടുപ്പുവരെ നല്ലതും ചീത്തയും ഒരുമിച്ചു വളരട്ടെ. (മത്താ: 13:30)

XI പരിശുദ്ധാത്മാവിനാൽ നാം സ്നാനപ്പെടുന്നു. ബൈബിൾ—

1. പുതിയ നിയമത്തിൽ പരിശുദ്ധാത്മാവിൻെറ സ്നാനം രണ്ടു കാര്യങ്ങളിൽ മാത്രമേയുള്ളു.
(അ; പ്ര: 2:1–4; 10: 44-48).

ഒന്നാമതായി അപ്പോസ്തലന്മാർ പരിശുദ്ധാത്മാവിനാൽ നിറഞ്ഞു. രണ്ടാമതായി ജാതികൾ സ്വീകരിക്കപ്പെട്ട ജനമാണെന്നു തെളിയിക്കുന്നതിനു പരിശുദ്ധാത്മാവു അവരിലും നിറഞ്ഞു.

2. പരിശുദ്ധാത്മാവിൻെറ സ്നാനം എല്ലാ അത്ഭുതങ്ങളും പ്രവർത്തിക്കുന്നതിനുള്ള അധികാരം നൽകി (അ: പ്ര; 2:1–2; 5:15; 20: 8–10; 28: 3–5). പരിശുദ്ധാത്മാവിൻെറ സ്നാനം സ്വീക

രിച്ചിരിക്കുന്നുവെന്നു ഇന്നു ആരെങ്കിലും അവകാശപ്പെടുന്നുവെങ്കിൽ അത്ഭുതങ്ങൾ കാണിക്കുന്നതിനു ആവശ്യപ്പെടാനുള്ള അധികാരം മററുള്ളവർക്കും ഉണ്ട്. അതു വിശ്വാസത്തിന്റെ മറവിൽ ആർക്കും നിഷേധിക്കുന്നതു ശരിയല്ല.

XII പരിശുദ്ധാത്മാവു ജനങ്ങളിൽ വരുന്നതിനു വേണ്ടി നാം പ്രാർത്ഥിക്കേണ്ടതാകുന്നു.

ബൈബിൾ—

1. പരിശുദ്ധാത്മാവു നമ്മിൽ വരുന്നതിനു വേണ്ടി പ്രാർത്ഥിക്കുന്നതിനു ക്രിസ്തുവിനു മാത്രമേ അധികാരമുള്ളു.

(യോഹ: 14: 15–17).

## മോർമോണിസം

മററു സഭാവിഭാഗങ്ങളെപ്പോലെ ഒരു സഭയാണു മോർമോണിസം. മോർമോൺ സഭ 1830 ഏപ്രിൽ 6-ാംതീയതി ന്യൂയോർക്കിലെ ഫയേററയിൽ ജോസഫ് സ്മിത്തിനാൽ രൂപീകരിക്കപ്പെട്ടു. അന്നു ഈ സഭക്കു ആറു അംഗങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളു. സ്മിത്തിനെ Peep Stone Joe എന്ന നാമത്തിലാണു അന്നു അറിയപ്പെട്ടിരുന്നത്. അദ്ദേഹത്തിനു ആ പേരു ലഭിക്കുവാൻ കാരണം അലഞ്ഞു നടക്കുന്ന മന്ത്രവാദിയായ പിതാവിനെ അനുകരിച്ചു അത്ഭുതകരമായി Peep Stone കണ്ടെത്തിയെന്നു അദ്ദേഹം സ്വയം അവകാശപ്പെട്ടു. 14–ാം വയസ്സിൽ അദ്ദേഹത്തിനു സ്വപ്നങ്ങളും വെളിപ്പാടുകളും ഉണ്ടായതായി അവകാശം ഉന്നയിച്ചു. ആ ദ്ദേഹത്തിന്റെ പ്രസ്താവന പ്രകാരം മൂന്നുവർഷങ്ങൾക്കുശേഷം ഒരു രാത്രിയിൽ അദ്ദേഹത്തിനു ഒരു ദർശനമുണ്ടായി. ആ ദർശനത്തിൽ മെറോണിയെന്ന മാലാഖ അദ്ദേഹത്തിനു പ്രത്യക്ഷനായി. സുവിശേഷം കൊത്തിവച്ചിരുന്ന സ്വർണ്ണത്തകിടുകൾ ഒളിച്ചുവച്ചിരുന്ന സ്ഥലം വെളിപ്പെടുത്തികൊടുത്തു. ആ സുവിശേഷം സഹപ്രവർത്തകരായ ഹാരീസിന്റെയും കൗഡറിന്റെയും വൈററ്മെറിന്റെയും സഹായത്തോടുകൂടി സ്മിത്ത് തർജ്ജിമ നടത്തിയെന്നു കരുതപ്പെടുന്നു. ആ തർജ്ജിമ ഇപ്പോൾ മോർമോൺ സഭയുടെ പുസ്തകമായി വിളിക്കപ്പെടുന്നു. 1831–ൽ സ്മിത്തും പരിവർത്തനം ചെയ്യപ്പെട്ട ചെറിയ കൂട്ടരും കെർട്ലാൻസ്, ഓഹിയോ എന്നീ സ്ഥലങ്ങളിലേക്കു നീങ്ങി. എന്നാൽ അവിടെ വച്ചു അവർക്കുണ്ടായ അപവാദം നിമിത്തം അവർ മിസ്സോറിയിലേക്കു നീങ്ങി. അവിടെ വച്ചു അവർക്കുണ്ടായ കുഴപ്പങ്ങൾ കാരണം സ്മിത്തും ഉദ്ദേശം 15000 അനുഗാമികളും നവൂലിലേക്കു പോയി. ഇവിടെ വച്ചു ബഹുഭാര്യാത്വ സിദ്ധാന്തം അവർ ഏർപ്പെടുത്തി.

ഇതിനു മുമ്പു ഒന്നിൽ കൂടുതൽ സ്ത്രീകളുമായുള്ള ബന്ധം പരിശുദ്ധമല്ലായെന്നു അവർ തന്നെ കുററപെടുത്തിയുമിരുന്നു.

1844-ൽ നൗവിൽ വച്ചു് അവരിൽ ആഭ്യന്തര കുഴപ്പം ഉണ്ടായി. മോർമോൺസിനു് എതിരായി പൊതു ജനാഭിപ്രായം ഉയർന്നുപൊങ്ങി. തൽഫലമായി സ്മിത്തും അദ്ദേഹത്തിന്റെ സഹോദരൻ ഹിറമും രാജ്യദ്രോഹ കുററത്തിനു അറസ്ററു ചെയ്തു കാർത്തേജ് ജയിലിൽ അടക്കപ്പെട്ടു. എന്നാൽ ജനം അതുകൊണ്ടു ശാന്തരായില്ല. ജനക്കൂട്ടം ജയിൽ ഭേദിച്ചു അകത്തുകടന്നു രണ്ടു സഹോദരങ്ങളേയും വെടിവച്ചുകൊന്നു. സ്മിത്തിന്റെ മരണശേഷം മോർമൺസ് അനേക വിഭാഗങ്ങളായി വിഭജിച്ചു. ഇതിൽ ഒരു വിഭാഗം ജെ. ജെ. സ്ട്രാങ്ങിന്റെ നേതൃത്വത്തിൽ വിസ്കോൻസിലേക്കു പോയി. എന്നാൽ നേതാവിന്റെ മരണത്തോടുകൂടി അവസാനിച്ചു. മററൊരു ഗ്രൂപ്പ് ബ്രിഹാം യംഗിന്റെ നേതൃത്വത്തിൽ 1848-ൽ യൂട്ടാഹയിലേക്കു കുടിയേറി. ഇതാണു ഇന്നു മോർമോൺസിന്റെ വലിയ സംഘടന. ഇതിന്റെ ആസ്ഥാനം സാർട്ട്ലേക്ക് സിററിയിൽ സ്ഥിതിചെയ്യുന്നു.

## അവരുടെ പഠനങ്ങൾ

### ദൈവം

I. ദൈവങ്ങൾ അനേകമുണ്ട്. ഇവരുടെ തലവനു ആ സൂത്രങ്ങൾ ചെയ്യുവാനും സൃഷ്ടിക്കുവാനുമുള്ള ശക്തിയുണ്ട്; (Key of Theology, Page 52).

ബൈബിൾ—

1 മൂന്നു വ്യക്തിത്വമുള്ള ഏക ദൈവം മാത്രമേയുള്ളു; (ഉല്പ: 1:26; പുറ: 20: 1–3; മത്താ: 28; 19; യോഹ: 1; 1 3; 14: 25, 26; 16; 7–10).

II ഈ ദൈവങ്ങൾക്കു മജ്ജയും മാംസവുമുള്ള ശരീരങ്ങൾ ഉണ്ട്. ശരീരമില്ലെങ്കിൽ വികാരങ്ങളും വിചാരങ്ങളും ഉണ്ടായിരിക്കുകയില്ല. മജ്ജയും മാംസവുമുള്ള ദൈവങ്ങളല്ലാതെ മറെറാരു ദൈവങ്ങളും സ്വർഗ്ഗത്തിൽ ഇല്ല. മനുഷ്യനു ഉള്ളതുപോലുള്ള മജ്ജയും മാംസവുമാണു ദൈവത്തിനും ഉള്ളത്.

ബൈബിൾ

1 ദൈവം സർവ്വ വ്യാപിയാകുന്നു; (സങ്കീ: 139: 7-28; അ: പ്ര: 17:28, 1 കൊരി: 8:16).

2 ദൈവം എല്ലാം അറിയുന്നവനാകുന്നു. (ഇയ്യോ: 34: 21; സ: വാ: 15:3; യോഹ: 2: 24).

3 ദൈവം സർവ്വശക്തനാകുന്നു. (ഉല്പ: 1:1; സങ്കീ:8:3; 19:1; യോഹ:1:1–3)

4 ദൈവം ആത്മാവാകുന്നു. (യോഹ:4:24; ലൂക്കൊസ് 24:39; 1 കൊരി:15:50)

III ദൈവങ്ങൾക്ക് ഉല്പാദന അവയവങ്ങൾ ഉണ്ട്. അവർ വിവാഹം കഴിക്കുകയും കുട്ടികളെ വഹിക്കുകയും ചെയ്യുന്നു. അവരുടെ കുട്ടികൾ ശരീരം ലഭിക്കുന്നതിനുവേണ്ടി മനുഷ്യജീവികളായി ലോകത്തിലേക്കു വരുന്നു. (Compendium Book Page 287) Last Sermon 1844) ദൈവം, മാലാഖമാർ, മനുഷ്യർ ഇവർ ഒരു വംശത്തിലും ഒരു ജാതിയിലും ഒരു കുടുംബത്തിലും പെട്ടവരുമാകുന്നു. (Key of Theology Page 41) അറിവ് അവരുടെ വംശങ്ങളെ വർദ്ധിപ്പിക്കുന്നതിന് പ്രചോദനം നൽകുന്നു. ഓരോ ദൈവവും അവന്റെ ഭാര്യയിലൂടെയോ ഭാര്യമാരിലൂടെയോ പുത്രൻമാരുടെയും പുത്രിമാരുടെയും അനേക കുടുംബങ്ങൾ ഉണ്ടാക്കുന്നു. (The Seer Vol: 1: Page 37)

ബൈബിൾ

1 ഇസ്രായേലുമായുള്ള ബന്ധം മാത്രമാണ് ദൈവത്തിന്റെ വിവാഹം (യിര: 3:14)

2 ക്രിസ്ത്യാനികളുമായുള്ള ബന്ധം മാത്രമാണ് ക്രിസ്തുവിന്റെ വിവാഹം (എഫേ:5;23–33)

3 ക്രിസ്തു സഭയുടെ തലവനും ഭർത്താവുമാകുന്നു. (യോഹ:3:29; കൊലൊ:1:18)

4 മരണത്തിനുശേഷം വിവാഹബന്ധമില്ല (മർക്കൊ: 12:25)

IV ആദം ദൈവമാകുന്നു. നമ്മുടെ വംശത്തിന്റെ പിതാവും. Journal of Discoursees, Vol 6: Page 50, Pearl of Great Price, Page 60)

ബൈബിൾ

1 ആദം ദൈവമല്ല. ദൈവത്താൽ സൃഷ്ടിക്കപ്പെട്ട ഒരു സൃഷ്ടി മാത്രം. (ഉല്പ:1;27; 2:18, 20–25; 4:8–11, 19; പുറ: 20:1–3)

V ഉയർത്തപ്പെട്ട മനുഷ്യനാകുന്നു ദൈവം. അവൻ ഒരിക്കൽ നമ്മെപ്പോലെ ആയിരുന്നു. നമെല്ലാം അവനെപ്പോലെ ആകേണ്ടതാകു

ന്നു. (Journal of Discourses, Vol:6: Page 35 Sermon By Joseph Smith)

ബൈബിൾ

1 മനുഷ്യൻ സൃഷ്ടിക്കപ്പെട്ട ജീവിയാകുന്നു. (ഉല്പ.2:7)

2 ക്രിസ്തു ശാരീരികമായി നമ്മെപ്പോലെ മാത്രമാകുന്നു. (യെശയ്യാ: 7:14; മത്താ:1:20-23)

3 ക്രിസ്തുവല്ലാതെ മനുഷ്യരാരും സ്വർഗ്ഗത്തിലേക്കു കയറി യിട്ടില്ല. ഇതു തെളിയിക്കുന്നത് ക്രിസ്തുവിനുമുമ്പ് ആദമോ മററു മനുഷ്യരോ സ്വർഗ്ഗത്തിലേക്കു കയറിയിട്ടില്ല എന്നാണ്. അതുകൊണ്ടു മനുഷ്യർക്ക് ദൈവങ്ങളാകുവാൻ സാധിക്കുയില്ല. (യോഹ:3;13)

## ക്രിസ്തു

1 ആദം ദൈവമാകുന്നു. പ്രകൃതിദത്തമായ വംശത്താൽ ക്രിസ്തു ആദത്തിന്റെ പുത്രനാകുന്നു. (Journal of Discourses. Vol 1: Page 50, Sermon By Brigham young)

ബൈബിൾ

ക്രിസ്തു പരിശുദ്ധാത്മാവിനാൽ ജനിച്ചു. (യെശയ്യാ:7;14: മത്താ:1:18-23)

II യേശുക്രിസ്തു ബഹുഭാര്യാത്വമുള്ളവനായിരുന്നു. മേരി, മാർത്ത, അവളുടെ സഹോദരി മേരിമഗ്ദലേന എന്നിവർ യേശുവിന്റെ ഭാര്യമാരായിരുന്നു. (The Seer Vol 1: Page 158,159)

ക്രിസ്തു ശാരീരികമായി ദൈവത്തിന്റെ പുത്രനാകുന്നുവെങ്കിൽ അവൻ ഈ ലോകത്തിന്റെ ദൈവമായ പിശാചിന്റെ പുത്രനാകുന്നു. ഇതു ക്രിസ്തുവിനെ പാപിയാക്കുന്നു. (യോഹ: 8:44)

ബൈബിൾ

ക്രിസ്തു സഭയുടെ ഭർത്താവാകുന്നു. (യോഹ: 3;29; റോമ: 7:4; എഫേ;5:23-33) മറെറാരു സ്ത്രീയുടെയും ഭർത്താവോ കാമുകനോ ആയിരുന്നില്ല.

## പരിശുദ്ധാത്മാവ്

1 പരിശുദ്ധാത്മാവ് അന്തരീക്ഷത്തിലൂടെ പ്രസരിക്കുന്ന ഒരു

സ്വർഗ്ഗീയ വസ്തുവാകുന്നു. ഇതു പരിശുദ്ധമായതും ശുദ്ധീകരിക്കപ്പെട്ടതുമായ ഒരു വസ്തു.

ബൈബിൾ—

പരിശുദ്ധാത്മാവു വ്യക്തിത്വമുള്ളതാകുന്നു. (മത്താ:28:19; യോഹ:14:15-17; 16:13,14; അ: പ്ര:5:3,4;8:29;10:19,20; 1 യോഹ 5:7)

II കൈവയ്പിലൂടെ മാത്രമേ പരിശുദ്ധാത്മാവു നൽകപ്പെട്ടിരുന്നുള്ളു.

ബൈബിൾ—

മൂന്നു രീതിയിൽ പരിശുദ്ധാത്മാവ് നൽകപ്പെട്ടിരുന്നു.
1 സ്നാനത്തിലൂടെ. (അ: പ്ര: 2: 1-4; 10: 44-47; 11:15).
2 അപ്പോസ്തലന്മാരുടെ കൈവയ്പിനാൽ (അ: പ്ര: 12-17; 19:6; 1 തിമോ: 4:14; 2 തിമോ: 1:6).

അപ്പോസ്തലന്മാർക്കു അല്ലാതെ മററാർക്കും കൈവയ്പിലൂടെ പരിശുദ്ധാത്മാവിനെ നൽകുവാൻ കഴിഞ്ഞിട്ടില്ല. അപ്പോസ്തലന്മാർക്കുശേഷം അവർക്കു പിൻഗാമികൾ ഉണ്ടായിട്ടില്ല. സാക്ഷിയെന്നാണ് അപ്പോസ്തലൻ എന്ന പദം അർത്ഥമാക്കുന്നതു. ഒരു സാക്ഷിക്കു പിൻഗാമി ഉണ്ടാകുവാൻ കഴിയുകയില്ലല്ലോ. അതിനാൽ അപ്പോസ്തലന്മാർക്കും പിൻഗാമികൾ ഉണ്ടാകുവാൻ സാധിക്കുകയില്ല. അപ്പോസ്തലന്മാരുടെ കൈവയ്പിനാൽ ആത്മിക വരങ്ങൾ നൽകപ്പെട്ടിരുന്നു. ആത്മിക വരങ്ങൾ കൂടാതെ സഭയിൽ ഒരു അപ്പോസ്തലനും പോയിരുന്നില്ല.

3 സ്നാനത്തിനുശേഷം പരിശുദ്ധാത്മാവിന്റെ പൊതു ദാനങ്ങൾ ആശ്വാസദായകനെ പോലെയോ ഉപദേഷ്ടാവെ പോലെയോ ആയിരുന്നു (അ: പ്ര: 2:39; യോഹ: 14: 15-17).

III കൈവയ്പിലൂടെ ഇന്നു പരിശുദ്ധാത്മാവിനെ നൽകുവാൻ കഴിയും.

ബൈബിൾ—

1 ക്രിസ്തുവിന്റെ സാക്ഷികൾ അപ്പോസ്തലന്മാർ മാത്രമായിരുന്നു. അവർക്കു മാത്രമേ കൈവയ്പിലൂടെ പരിശുദ്ധാത്മാവിനെ നൽകുവാൻ കഴിഞ്ഞിരുന്നുള്ളു. (അ: പ്ര: 8:12-17;,19:6; 1 തിമോ: 4: 14; 2 തിമോ: 1:6).

2 അപ്പോസ്തലന്മാർ മരിച്ചുപോയി. ഇന്നു അവർക്കു പിൻ

അർത്ഥം ഇല്ല. അതുകൊണ്ടു കൈവയ്പിലൂടെ ഇന്നു പരിശുദ്ധാത്മാവിനെ നൽകുവാൻ സാധിക്കുകയില്ല.

ബൈബിൾ—

I. എല്ലാ ദൈവ വചനങ്ങളും ഉൾക്കൊണ്ടതല്ല ബൈബിൾ. (Book of Mormon II Nephi 12 53-64). D and C. See 84.57, 42:17).

II. മോർമോൺ പുസ്തകം, സിദ്ധാന്തം, ഉടമ്പടി എന്നിവ ബൈബിളിനോടു തുല്യത ഉള്ളതാകുന്നു. (വേദോപദേശം അദ്ധ്യായം 3 ചോദ്യങ്ങൾ 1,2).

III ബൈബിളിലെ ഭാഗങ്ങളെല്ലാം അശുദ്ധമാക്കപ്പെട്ടതാണ്. Divine Authenticity of the Book of Mormon. Pages 204, 205, 218 Orson Pratt).

ബൈബിൾ— പുസ്തകത്തിൽ എഴുതിയിരിക്കുന്നതിനോടു ഒന്നും കൂട്ടുവാനോ കുറക്കുവാനോ പാടില്ല.

(യെശയ്യാ: 8:20; വെളി: 22: 18,19).

മോർമോൺ പുസ്തകം പരിശോധിച്ചാൽ പതിനായിരത്തിൽ കുറയാതെ ബൈബിൾ ഭാഗങ്ങൾ കാണുന്നു. എന്നിരുന്നാലും ശ്രീ. പ്രാട്ട് പറയുന്നു അശുദ്ധമാക്കപ്പെടാത്ത ഒരു ഭാഗം പോലും ബൈബിളിൽ കാണുകയില്ലായെന്നു. ഇതു ശരിയാണെങ്കിൽ മോർമോൺ പുസ്തകം എവിടെ നിലനിൽക്കും.

## രക്ഷ

I മരിച്ചവരുടെ ഉയർത്തെഴുന്നേൽപാകുന്നു രക്ഷ. (Doc & Cor 88-16).

ബൈബിൾ—

നല്ലവരേയും ദുഷ്ടന്മാരേയും ഉയർത്തെഴുന്നേൽപിക്കപ്പെടും. വെളി: 20: 11-15) ഉയർത്തെഴുന്നേൽപ്പ് രക്ഷയാണെങ്കിൽ നല്ലവരേയും ദുഷ്ടന്മാരേയും ഉയർത്തെഴുന്നേൽപ്പിക്കപ്പെടും. എന്നാൽ അതു മുഴുവനും രക്ഷയായിരിക്കും. രക്ഷ ഇപ്രകാരമാണെങ്കിൽ എല്ലാവരും ലൗകിക സുഖത്തിൽ മുഴുകി ജീവിച്ചാൽ മതിയാകുമായിരുന്നു.

II രക്ഷമൂന്നു വിധത്തിലാകുന്നു.

1 ഉന്നതമായതു അല്ലെങ്കിൽ ദിവ്യമായതു.

വിശ്വസിച്ചു മോർമോൻ അംഗത്താൽ സ്നാനപ്പെട്ടു, പരിശുദ്ധാത്മാവുലഭിക്കുന്നതിനായി മുതിർന്ന മോർമോൺ അംഗത്താൽ

കൈവയ്പു് സ്വീകരിച്ചവരാണു ഈ വിഭാഗത്തിൽ ഉൾപ്പെട്ടവർ. ക്രിസ്തു വാന മേഘങ്ങളിൽ വരുമ്പോൾ അവർ എടുക്കപ്പെടും. അന്നു ആദ്യമായി ഉയർത്തെഴുന്നേൽപ്പിക്കപ്പെടുന്നവർ അവരായിരിക്കും. അവർ ദൈവത്തിന്റെയും ക്രിസ്തുവിന്റെയും കൂടെ എന്നന്നേക്കുമായി വസിക്കുകയും ദിവ്യമായ ശരീരങ്ങളോടുകൂടി ഭൂമിയെ ഭരിക്കുകയും ചെയ്യും.

രണ്ടാമത്തേതു ഐഹികമായതാണ്—മോർമോൺ നിയമം സ്വീകരിക്കാതെ മരിക്കുന്നവരാണ് അവർ. അവരുടെ ആത്മാവ് ജയിലിൽ ആയിരിക്കും. ക്രിസ്തുവിന്റെ പ്രസംഗം ശ്രവിക്കുകയും, എന്നാൽ അദ്ദേഹത്തെ സ്വീകരിക്കുകയും ചെയ്യാത്തവരാണ് അവർ. മനുഷ്യരുടെ വഞ്ചനയാൽ അവർ കുരുടൻമാർ ആയിപ്പോയി. അവർക്ക് ക്രിസ്തുവിന്റെ സാന്നിദ്ധ്യം ഉണ്ടായിരിക്കും, എന്നാൽ പിതാവിന്റെ സാന്നിദ്ധ്യം ഉണ്ടായിരിക്കുകയില്ല.

മൂന്നാമത്തേതു സുവിശേഷം സ്വീകരിക്കാത്തവരാണ്. അവരുടെ ആത്മാവിനെ നിഷേധിക്കപ്പെടുന്നില്ല. മരിച്ചശേഷം അവരുടെ ആത്മാവ് അവസാനത്തെ ഉയർത്തെഴുന്നേല്പുവരെ നരകത്തിലായിരിക്കും. അവർ പൗലോസ്, അപ്പല്ലോസ്, സെഫാസ്, ക്രിസ്തു എന്നിവരുടേതായിരിക്കും. എന്നാൽ അവർ മോർമോനിസം സ്വീകരിച്ചിട്ടില്ലാത്തതിനാൽ അസത്യവാദികളും ആഭിചാരക്കാരും മററു നീചപ്രവർത്തിക്കാരും ആകുന്നു. അവസാനത്തെ ഉയർത്തെഴുന്നേല്പിൽ അവർ വിധിക്കപ്പെടും. അവരുടെ പ്രവർത്തികൾക്കു അനുസരിച്ചു പ്രതിഫലം ലഭിക്കും. എന്നാൽ അവർക്കു ദൈവവും ക്രിസ്തുവും വസിക്കുന്ന സ്ഥലത്തു വരുവാൻ സാധിക്കുകയില്ല (Doc: & Cov: 76:51–112)

ബൈബിൾ—

(മത്താ:20:1-16; 25:14-30; 28:19; യോഹ: 14:11; യോഹ: 3:2; വെളി:22:4)

III. മരിച്ചവർക്കു വേണ്ടി ജീവിച്ചിരിക്കുന്നവർ സ്നാനം ഏററാൽ അവർ രക്ഷപ്പെടും. (Doc & Cov: 124:28: Journal of discovrses, Vol page 78, Joseph Smith Speaking.)

ബൈബിൾ—

കേട്ടുവിശ്വസിച്ചു മാനസാന്തരപ്പെട്ടു സ്നാനപ്പെടുവാൻ കല്പിച്ചിരിക്കുന്നു. (റോമ:10:13-17; മത്താ: 28:19,20; മാർക്കൊ 16:15,16; ലൂക്കൊ: 13:3: അ:പ്ര:2:38; വെളി:20:12,13) ഈ സാഹചര്യത്തിൽ മരിച്ചവർക്കു വേണ്ടി ജീവിച്ചിരിക്കുന്നവർക്കു എങ്ങനെ സ്നാനം സ്വീകരിക്കുവാൻ കഴിയും?

## സഭ

ജീവിച്ചിരിക്കുന്ന അപ്പോസ്തലൻമാരും പ്രവാചകൻമാരും കൂടാതെ ഇന്നു യഥാർത്ഥ സഭ ഉണ്ടാവുകയില്ല.

ബൈബിൾ

1 അപ്പോസ്തലൻമാരുടെയും പ്രവാചകൻമാരുടെയും വ്യക്തിത്വങ്ങളിൽ അല്ല സഭ സ്ഥാപിച്ചിരിക്കുന്നത്. അവരാൽ വെളിപ്പെടുത്തപ്പെട്ട വിശുദ്ധപഠനങ്ങളിൻമേൽ ആകുന്നു. (2 പത്രൊ; 1:21; അ:പ്ര: 1:1-3; 2 പത്രൊ:3:13)

പുതിയ നിയമസഭ ഉണ്ടാകുന്നതിനു ജീവനുള്ള അപ്പോസ്തലൻമാരും പ്രവാചകൻമാരും ഇന്നു ഉണ്ടാകണമെങ്കിൽ ജീവനുള്ള ക്രിസ്തുവും ഈ ഭൂമിയിൽ ഉണ്ടായിരിക്കേണ്ടതു ആവശ്യമല്ലേ (എഫേ: 2:20)

അപ്പോസ്തലൻമാർ ഓരോ സാക്ഷിയാകുന്നു. (ലൂക്കൊ1:2;24:33; അ:പ്ര:1:1-3; 19:22;10:39-41; 1 കൊരി:9:1;15:5,7, 2പത്രൊ:1:16; 1 യോഹ: 1:1) ഒരു സാക്ഷിക്കു പിൻഗാമി ഉണ്ടായിരിക്കുകയില്ല. അതുകൊണ്ടു ഇന്നു സഭക്കു അപ്പോസ്തലൻമാരുടെ പിൻഗാമികൾ ഉണ്ടായിരിക്കുകയില്ല.

3 പന്ത്രണ്ടു അപ്പോസ്തലൻമാരും പന്ത്രണ്ടു സിംഹാസനങ്ങളിൽ ഇരിക്കും (മത്താ:19:28,29). ഓരോ മോർമോൺ അപ്പോസ്തലൻമാരും അവരുടെ മുമ്പിൽ നില്ക്കണം. എന്തുകൊണ്ടെന്നാൽ അവർക്കുവേണ്ടി സീററുകൾ ഒന്നും ഒഴിച്ചു ഇട്ടിട്ടില്ല.

4 അത്ഭുത പ്രവൃത്തികൾ അപ്പോസ്തലന്റെ അടയാളമാകുന്നു. (2 കൊരി: 12;12) മോർമോൺ അപ്പോസ്തലൻമാർക്കു അത്ഭുതപ്രവർത്തികൾ ചെയ്യാൻ കഴിഞ്ഞിട്ടുണ്ടോ?

5 ഇങ്ങനെയുള്ള മോർമോൺ അപ്പോസ്തലൻമാർ കള്ളൻമാരാകുന്നു. എന്തു കൊണ്ടെന്നാൽ അവർ വഞ്ചനാപരമായി അവരുടെ സ്ഥാനങ്ങൾ കവർന്നെടുത്തിരിക്കുന്നു. (2 കൊരി:11:13)

## പ്രവാചകന്മാർ

1 ജോസഫ് സ്മിത് ഒരു പ്രവാചകനായിരുന്നു. അവനെ വിശ്വസിക്കേണ്ടതാണ്. ഇതു മോർമോൺ വിശ്വാസത്തിന്റെ ഒരു അവശ്യഘടകം മാത്രമാകുന്നു. (Doc: & Cor: Sec 28:2; Sec 35:17; Millennial Star. Vol 5, page 118 Brigham Young)

ബൈബിൾ

1 യഥാർത്ഥ പ്രവചനം നൽകപ്പെട്ടതായിരുന്നു. (1 കൊരി: 13:8; ഗലാ: 1:7-9; വെളി: 22:18.19).

2 ധാരാളം കള്ള പ്രവാചകന്മാർ വരും. (മത്താ: 7:15; 24:11; 2കൊരി: 11:13; 2പത്രോ: 2;1: 1യോഹ: 4:1).

അവരുടെ പഠനങ്ങളിലൂടെ ജോസഫ് സ്മിത്തിനെ ഒരു പ്രവാചകനാക്കുകയാണു ചെയ്തിരിക്കുന്നത്.

## വിവാഹം

ഭൗതികമായതും സ്വർഗ്ഗീയമായതുമായ രണ്ടിനം വിവാഹങ്ങൾ ഉണ്ടു്.

1 ഭൗതിക വിവാഹ കടമ—കഴിവുള്ളിടത്തോളം ഭാര്യമാരെ സ്വീകരിച്ചു സന്താനപുഷ്ടിവരുത്തി സ്വർഗ്ഗത്തിൽ ഒരു വലിയ രാജ്യം ഉണ്ടാക്കണം. ഇതു നിത്യത്വത്തിനും ജീവിതത്തിനും വേണ്ടി ഉള്ളതാണ്. ഓരോ ദൈവമാകുന്ന മനുഷ്യനും അവന്റെ ഭാര്യയിലൂടെയോ ഭാര്യമാരിലൂടെയോ പുത്രന്മാരുടെയും പുത്രിമാരുടെയും എണ്ണമററ കുടുംബങ്ങൾ ഉണ്ടാക്കണം. എന്തുകൊണ്ടെന്നാൽ ഓരോ പിതാവും മാതാവും എന്നെന്നേയ്ക്കുമായി അവരുടെ എണ്ണങ്ങൾ വർദ്ധിപ്പിക്കേണ്ടതാണ്. (The Seer, Vol 1. Page 37).

2 സ്വർഗ്ഗീയ വിവാഹ കടമ—ഒരു പുരുഷനു മററു പുരുഷന്മാരുടെ ഭാര്യമാരെ സ്വീകരിക്കാവുന്നതാണ്. മതിയായ ഭാര്യമാർ നിത്യത്വത്തിൽ അവനു ഉണ്ടായിരിക്കും. സന്താനപുഷ്ടി കൂടുതൽ ഉണ്ടാക്കുക എന്നതാണു സ്വർഗ്ഗീയ ഭാര്യമാരുടെ ചുമതല. അതിനാൽ അവർക്കു അന്യപുരുഷന്മാരേയും വശീകരിക്കാം. ഇതാകുന്നു നിത്യത്വം.

ബൈബിൾ—

1, ദൈവം ലോകത്തിൽ സന്താനപുഷ്ടിയുള്ളവരാകുവാൻ അനുഗ്രഹിച്ചു. സ്വർഗ്ഗത്തിൽ അല്ല (ഉല്പ: 1;28).

2 സ്വർഗ്ഗത്തിൽ അവർ വിവാഹം കഴിക്കുകയോ വിവാഹത്തിനു നൽകപ്പെടുകയോ ചെയ്യുന്നില്ല (മർക്കൊ (12:25; ലൂക്കൊ 012:35; പുറ: 20:17).

ഒരാൾ നീച പാപിയും മററൊരാൾ വിശുദ്ധനുമാകുമ്പോൾ സ്വർഗ്ഗത്തിൽ വിവാഹബന്ധം എങ്ങനെ നിലനിൽക്കും?

3 മരിച്ച ഭർത്താവിൽനിന്നും സ്ത്രീസ്വതന്ത്രയാകുന്നു. (1കൊരി: 7:39). അതുപോലെ മറിച്ചും.

## ബഹുഭാര്യാത്വം

ബഹുഭാര്യാത്വമെന്ന നിയമം അനുസരിക്കപ്പെടേണ്ടതാകുന്നു. അതു അനുസരിക്കുന്നില്ലായെങ്കിൽ നാശമെന്ന ശിക്ഷയായിരിക്കും I

(തുടരും)

(12–ാം പേജിന്റെ തുടർച്ച)
വിശേഷം അറിയിച്ചു (മർക്കൊ. 16;15–20). ആതു കേട്ടു വിശ്വസിച്ചവർ മാനസാന്തരപ്പെടുകയും യേശുദൈവപുത്രൻ എന്നു ഏറ്റു പറഞ്ഞു, പാപങ്ങളുടെ മോചനത്തിനായി യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്ക്കയും ചെയ്തു (പ്രവൃ. 2:22), (എഫെ. 1:13), (1തെസ്സ. 2:13), (പ്രവൃ. 17:30), (പ്രവൃ. 8:37), (റോമ. 10:9), ഇപ്രകാരം സ്നാനം ഏല്ക്കുന്നവർക്കു ദൈവത്തിന്റെ വാഗ്ദത്തമായ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കുമെന്നും അപ്പോസ്തലൻ വെളിപ്പെടുത്തി. മാത്രമല്ല ഇപ്രകാരം ഈ വക്രതയുള്ള തലമുറയിൽ നിന്നു രക്ഷിക്കപ്പെടുവിൻ എന്നും അപ്പോസ്തലൻ ആഹ്വാനം ചെയ്തു. അതനുസരിച്ചു അവർ രക്ഷിക്കപ്പെടുകയും കർത്താവ് അവരെ സഭയോടു ചേർക്കയും ചെയ്തു. അവർ കർത്താവിന്റെ ശിഷ്യന്മാരെന്നും ക്രിസ്തുവിന്റെ സഭയെന്നും ക്രിസ്ത്യാനികൾ എന്നും അറിയപ്പെട്ടു. ആ ക്രിസ്ത്യാനികളാണ് ദൈവത്തിന്റെ മനുഷ്യൻ എന്നറിയപ്പെടുന്നത്. നമുക്കും ഇപ്രകാരം തന്നെ ദൈവത്തിന്റെ മനുഷ്യരാകാവുന്നതാണു (റോമ. 1:16).

ഇപ്രകാരം ക്രിസ്ത്യാനികളായ ദൈവത്തിന്റെ മനുഷ്യരോടാണ് ആത്മാവിനെ അനുസരിച്ചു നടപ്പിൻ; എന്നാൽ നിങ്ങൾ ജഡത്തിന്റെ മോഹം നിവൃത്തിക്കയില്ല" എന്ന് അപ്പോസ്തലൻ ഉപദേശിക്കുന്നതു. ഇതിന്റെയർത്ഥം അവർ ദൈവത്തിന്റെ മനുഷ്യർ തന്നേ എങ്കിലും അവർക്കു ദാനമായി ലഭിച്ച ആത്മാവ് വസിക്കുന്നതു് അവരുടെ ജഡ ശരീരത്തിലായതിനാൽ ആ ജഡത്തിന്റെ പ്രവൃത്തികൾ ചെയ്തു ആത്മനാശം സംഭവിക്കാതിരിപ്പാൻ അവർ ആത്മാവിനെ അനുസരിച്ചു നടക്കുക തന്നെവേണം എന്നാണ്. എന്തുകൊണ്ടെന്നാൽ ജഡത്തിന്റെ അഭിലാഷം ആത്മാവിനും ആത്മാവിന്റെ അഭിലാഷം ജഡത്തിനും വിരോധമായിരിക്കുന്നു. ജഡം ജഡത്തിന്റെ പ്രവൃത്തികൾ ചെയ്യണമെന്നു ഇച്ഛിക്കുമ്പോൾ ആത്മാവിന്റെ അഭിലാഷം അതിനെ നിരോധിക്കുന്നു. ദൈവത്തിന്റെ മനുഷ്യൻ ജഡത്തിന്റെ അഭിലാഷങ്ങൾക്ക് കീഴ്പ്പെടുമ്പോൾ ജഡത്തിന്റെ പ്രവൃത്തികൾ ചെയ്തു ആത്മാവിനെ കെടുത്തിക്കളയുകയും നാശയോഗ്യരായിത്തീരുകയും ചെയ്യുന്നു. ഇപ്രകാരം സംഭവിക്കാതിരിപ്പാനാണു ആത്മാവിനെ അനുസരിച്ചു നടക്കുവാൻ ഉപദേശിക്കുന്നത്.

ആത്മാവിനെ അനുസരിച്ചു നടക്കുമ്പോൾ ദൈവത്തിന്റെ മനുഷ്യനു ദാനമായി ലഭിച്ച ആത്മാവു അവന്റെ ജഡശരീരത്തിനുള്ളിൽ (ഹൃദയത്തിൽ) വളർച്ച പ്രാപിക്കയും, ആ ആത്മാവിന്റെ ഫലമായ സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത സൗമ്യത, ഇന്ദ്രിയ ജയം ഇവയുടെ സ്വാ

ധീനശക്തി ജഡത്തിന്റെ പ്രവൃത്തികളെ ലഘൂകരിച്ചു, അവയെ കീഴടക്കുവാൻ ദൈവത്തിന്റെ മനുഷ്യനെ സഹായിക്കയും ചെയ്യുന്നു. എന്നാൽ ആത്മാവിനെ അനുസരിച്ചു നടക്കുക എന്നുവെച്ചാൽ അതിന്റെയർത്ഥം എന്തെന്നുപോലും അനേകരും മനസിലാക്കിയിട്ടില്ല. അപ്പോസ്തലൻമാർ പ്രസംഗിച്ചതും പഠിപ്പിച്ചതുമായ ക്രിസ്തുവിന്റെ ഉപദേശങ്ങളാണു ആത്മാവിന്റെ ഉപദേശം. ആ ഉപദേശപ്രകാരം ജീവിക്കുക എന്നാണ് അതിന്റെ അർത്ഥം, (യോഹ.6:63), (മത്തായി 28:18–20), (1 കൊരി 2:10-14, (2 യോഹ. 8, 10). ഈ ഉപദേശത്തിന്റെ വെളിച്ചത്തിൽ മാത്രമുള്ള വേദപുസ്തക പഠനവും അനുസരണവും മാത്രമാണു ആത്മിക വളർച്ചക്കുള്ള ഏകമാർഗ്ഗം. ആ വളർച്ചയിൽ കൂടി മാത്രമേ ആത്മാവിന്റെ ഫലം പുറപ്പെടുകയുള്ളു.

ക്രിസ്ത്യാനികൾ അഥവാ ദൈവത്തിന്റെ മനുഷ്യരിൽ നിന്നും ആത്മാവിന്റെ ഫലം പുറപ്പെടുമ്പോൾ മാത്രമേ അവൻ ആത്മിക വളർച്ച പ്രാപിച്ചിരിക്കുന്നു എന്നു തെളിയുന്നുള്ളു. ലളിതമായി പറഞ്ഞാൽ ആത്മാവിന്റെ ഫലം നമ്മിൽ ഉണ്ടായാൽ എല്ലാവരേയും സ്നേഹിക്കുവാനും, സകല പ്രശ്നങ്ങളും പരിഹരിപ്പാനും, സമാധാനം ഉണ്ടാക്കുവാനും, വിശ്വാസത്തിലും ഐക്യതയിലും നിലനില്ക്കുവാനും, ലോകത്തിന്റെ വെളിച്ചമായിത്തീരുവാനും തദ്വാരാ നിത്യജീവനു അവകാശികളായിത്തീരുവാനും നമുക്കു സാധിക്കും. ഇക്കാരണത്താലാണ്, ''ആത്മാവിനെ അനുസരിച്ചു നടക്കുന്നു എങ്കിൽ നിങ്ങൾ ന്യായപ്രമാണത്തിൻ കീഴുള്ളവരല്ല'' എന്നും, ആത്മാവിന്റെ ഫലത്തെക്കുറിച്ച്, ''ഈവകെക്കു വിരോധമായി ഒരു ന്യായപ്രമാണവുമില്ല'' എന്നും പഠിപ്പിക്കുന്നതു (ഗലാ. 5:18, വാക്യം 23) ഈ വേദവാക്യങ്ങൾ നമ്മുടെ പ്രത്യേക ശ്രദ്ധക്കു വിധേയമാക്കേണ്ടതാണ്. എന്തുകൊണ്ടെന്നാൽ ''ന്യായപ്രമാണം'' എന്നു പറയുന്നതു സകല അനീതിയും, എല്ലാ തിൻമയും പാപമാകുന്നു എന്ന് തെളിയിക്കുന്നതും അവയൊന്നും അരുതരുത് എന്നുള്ള വിലക്കുകളുമാണു. ഇത് സാധാരണമായി എല്ലമതങ്ങളിലും കണ്ടുവരുന്നു. ഇതിൽ യാതൊരു തെററും ഇല്ല, എങ്കിലും ഇവയെല്ലാം പഠിപ്പിക്കയും അരുതരുതെന്നു വിലക്കുകയും ചെയ്യുന്തോറും അവയുടെ ലംഘനവും വർദ്ധിച്ചു കൊണ്ടിരിക്കുന്നു എന്നു വെളിപ്പെടുന്നു.

എന്നുതന്നെയുമല്ല ഇവ പഠിപ്പിക്കയും അരുതരുതെന്നു ഉപദേശിക്കയും ചെയ്യുന്നവരിലും ഇവയുടെ ലംഘനം ഉള്ളതായും തെളിയുന്നു. ഇക്കാരണത്താൽ ''ന്യായപ്രമാണത്താൽ ആരും ദൈവസന്നിധിയിൽ നീതീകരിക്കപ്പെടുന്നില്ല എന്നതു സ്പഷ്ടം'' എന്നു പഠിപ്പിക്കുന്നു (ഗലാ.3;11). ''ന്യായപ്രമാണത്താൽ പാപത്തി

ന്റെ പരിജ്ഞാനമത്രേ വരുന്നതു'' എന്നും പഠിപ്പിക്കുന്നു (റോമ. 3:20). എന്നാൽ പാപത്തിന്റെ പരിജ്ഞാനത്താൽ പാപത്തിന്റെ വർദ്ധനവിനെ ലഘൂകരിച്ച് ഇല്ലായ്മ ചെയ്യുവാൻ ആർക്കും കഴിയുന്നതല്ല. യേശുക്രിസ്തു കുരിശിൽ ചൊരിഞ്ഞ രക്തമാണ് പാപങ്ങളെ ലഘൂകരിച്ച് ഇല്ലായ്മ ചെയ്യുന്നതു (1യോഹ.1:5–10). ആ ക്രൂശിന്റെ വചനമാണ് ആത്മാവിന്റെ ഉപദേശം. അതാണ് ദൈവത്തിന്റെ ജ്ഞാനം. ആ ജ്ഞാനമാണ് ആത്മാവിന്റെ ഫലം— (1 കൊരി 1:18–31), (2:6–16), (യാക്കോ. 3:13-18). (1 പത്രൊ 4:7–9). ആത്മാവിന്റെ ഫലം നമുക്കു ലഭിച്ചിട്ടില്ലാ എങ്കിൽ നമുക്കു ജ്ഞാനവും ലഭിച്ചിട്ടില്ലാ എന്നർത്ഥം. (2പത്രൊ3:17-18) (ഗലാ. 3:2–5).

ആത്മാവിനെ അനുസരിച്ചു നടക്കുവാനും, ആത്മാവിന്റെ ഫലം നമ്മിൽ ഒരു യാഥാർത്ഥ്യമായിത്തീരുവാനും, തദ്വാരാ ലോകത്തിന്റെ വെളിച്ചമായിത്തീരുവാനും ദൈവം നമുക്കെല്ലാവർക്കും കൃപനൽകട്ടെ.

# "മഹത്വമേറിയ മൂല്യം"

**കളത്തുകാൽ ഡി. ആർ. രാജദാസ്**

മാനവരാശിയുടെ ധാർമ്മികവും ആദ്ധ്യാത്മികവുമായ ഉദ്ധാരണത്തിനു വേണ്ടി ദൈവം നല്കപ്പെട്ട മഹത്വമേറിയ മൂല്യങ്ങളുടെ സമൂഹമാണ് വിശുദ്ധ വേദഗ്രന്ഥം, മാനവ ജാതിയെ സത്യം, ന്യായം, നീതി, സമാധാനം, സ്നേഹം മുതലായ കരുണാസരണികളിൽ നടത്തുമാറാക്കുന്നു. ഇഹലോകവാസികൾക്ക് ദൈവവുമായുള്ള ബന്ധം പുനഃസ്ഥാപിക്കാനുള്ള ദിവ്യശൃംഖലയാണ് ദൈവിക വചനങ്ങൾ.

പുരാതന ദിവ്യജ്ഞാനികൾക്കു വെളിപ്പെടുത്തികൊടുത്ത പരിശുദ്ധവും അത്ഭുതവും വിപുലവുമായ വിവാദങ്ങളാണ് സത്യവേദ പുസ്തകത്തിൽ അടങ്ങിയിരിക്കുന്നത്. പ്രപഞ്ചഘടന, പക്ഷിമൃഗാദികൾ, ജീവോല്പത്തി, കുടുംബം, രാഷ്ട്രം, പുരാതന ഇസ്രായേൽ ചരിത്രം, സംസ്ക്കാരം, ക്ഷിതിചരിത്രങ്ങൾ, ദൈ

വ്യാഗ്ദാനങ്ങൾ മനുഷ്യത്വം ദൈവവുമായുള്ള സംസർഗ്ഗം തുടങ്ങിയ സംഭവവേദി ബൈബിളിൽ പ്രകടമാകുന്നു.

അനേകപുസ്തകങ്ങൾ യോജിച്ച വിപുലമായ ജ്ഞാനത്തിന്റെ സമഗ്രമാണ് ബൈബിൾ. ഈ ബൈബിൾ എന്ന വാക്കിനെപററി പല ഐതിഹ്യങ്ങളും കേട്ടുകേൾവികളും ഇപ്രകാരമുണ്ട്.

ക്രിസ്തുവിന്—2000-വർഷങ്ങൾക്കു മുമ്പ് ഫിനീഷ്യയിൽ ബിബ്ളോസ് എന്നൊരു തുറമുഖമുണ്ടായിരുന്നു. ഇന്ന് "ഗബാൽ" എന്നറിയപ്പെടുന്നു. പാപ്പിറസ് ചെടി കൃഷി ചെയ്യുന്നതിൽ അധികം സമൃദ്ധമായിരുന്നു ഈ തുറമുഖം. ആയതു പോലെതന്നെ കയററുമതി ചെയ്യുന്നതിലും ബിബ്ളോസ് കാലക്രമേണ പാപ്പിറസ് ബിബ്ളോസ് എന്ന പേരിൽ അറിയപ്പെടാൻ തുടങ്ങി. ഈ കാലയളവിൽ പാപ്പിറസ് ചെടിയുടെ പൊങ്ങുകൊണ്ട് നിർമ്മിച്ച ലഘുവായ പിളർപ്പുകളാണ് കടലാസിന്റെ സ്ഥാനത്ത് എഴുതുവാൻ വിനിയോഗിച്ചിരുന്നത്. കാലക്രമേണ പാപ്പിറസുകൊണ്ട് പുസ്തകങ്ങൾ നിർമ്മിക്കാൻ തുടങ്ങി. അങ്ങനെയിരിക്കെ പുസ്തകങ്ങൾക്കു പാപ്പിറസ് അഥവാ ബിബ്ളോസ് എന്ന പേരു പ്രാബല്യത്തിൽ വരുവാൻ ഇടയായി. ബിബ്ളോസിൽ നിന്ന് പാപ്പിറസ് ഇറക്കുമതി ചെയ്തു പുസ്തകങ്ങൾ നിർമ്മിച്ചിരുന്നു. ഗ്രീക്കുകാരായ യഹൂദർ തങ്ങളുടെ മത ഗ്രന്ഥമായ "ബൈബി"ളിനെ ബിബ്ളിയോൺ എന്നു വിളിക്കുവാൻ തുടങ്ങി. ക്രമേണ അതു ഗ്രീക്കുഭാഷയിലെ ബഹുവചന രൂപമായ ബിബ്ളീയാ ആയി മാറി ഇംഗ്ലീഷിൽ അതു ബൈബിൾ ആയി തീർന്നു.

ബൈബിൾ ഇന്ന് വിവിധ നാമങ്ങളിൽ അറിയപ്പെടുന്നു. സത്യവേദ പുസ്തകം, ജ്ഞാനത്തിന്റെ ഗ്രന്ഥം, ദൈവവചനം, വിശുദ്ധഗ്രന്ഥം, ബൈബിൾ എന്നീ പേരുകളിൽ മനുഷ്യർ അതിനെ വിളിക്കുന്നു. ആദിയിൽ വചനം ഉണ്ടായിരുന്നു. വചനം ദൈവത്തോടുകൂടെ ആയിരുന്നു. വചനം ദൈവം ആയിരുന്നു. അവൻ ആദിയിൽ ദൈവത്തോടു കൂടെ ആയിരുന്നു. യോഹന്നാൻ 1:1—3. ദൈവവും വചനവും ഒന്നാകുന്നു, ആയതിനാൽ വചനത്തെ അനുസരിക്കുന്നവർ ദൈവത്തെ അനുസരിക്കുന്നു. ആകയാൽ സകല ദുഷ്ടതയും എല്ലാചതിവും വ്യാജവും അസൂയയും, എല്ലാനുണയും നീക്കിക്കളഞ്ഞു ഇപ്പോൾ ജനിച്ച ശിശുക്കളെപ്പോലെ രക്ഷക്കായി വളരുവാൻ വചനം എന്ന മായമില്ലാത്ത പാൽ കുടിപ്പാൻ വാഞ്ഛിപ്പിൻ (1 പത്രൊസ് 2:1—3).

(11—ാം പേജിന്റെ തുടർച്ച)
മരിച്ചവരോടു സംസാരിക്കുവാൻ കഴിയുമെന്നു ചിലർ അവകാശപ്പെടുന്നു. എന്നാൽ ജീവിതത്തിൽ നിന്നു കടന്നുപോയവരുടെ ആത്മാവുകളുമായി ജീവിച്ചിരിക്കുന്നവർക്കു ബന്ധപ്പെടുവാൻ കഴിയുമെന്നു ബൈബിൾ പഠിപ്പിക്കുന്നില്ല. യഥാർത്ഥത്തിൽ പരേതാത്മാക്കളിൽ നിന്നു സന്ദേശങ്ങളും പ്രചോദനങ്ങളും ലഭിക്കുന്നതിനുള്ള പ്രവർത്തനം വചനത്തിൽ കർശനമായി ശപിക്കപ്പെട്ടിരിക്കുന്നു. "മന്ത്രവാദികളുടെ അടുക്കൽ പോകരുത്. അവരാൽ അശുദ്ധരായി തീരുവാൻ തക്കവണ്ണം അവരെ അന്വേഷിക്കുകയും അരുത്. ഞാൻ നിങ്ങളുടെ ദൈവമായ യഹോവ ആകുന്നു." ലേ: പു: 19; 31; 20; 6,27; ആ: പു: 18: 10–12; അ: പ്ര: 19: 18–20; വെളി; 21: 8; 22:15) മനുഷ്യൻ ദൈവത്തെ അന്വേഷിക്കണം. മരിച്ചവരുമായി കൂടിയാലോചിക്കേണ്ട കാര്യമില്ല. അവർ ദൈവത്തോടു ഉപദേശത്തിനും സാക്ഷ്യത്തിനുമായി പോകണം (യെശ: 8: 19,20) മാന്ത്രിക ശക്തികളാലും പ്രവർത്തനങ്ങളാലും മരിച്ചുപോയ സ്നേഹിതന്മാരിൽ നിന്നും സ്നേഹിച്ചവരിൽ നിന്നുമുള്ള സന്ദേശങ്ങൾ സ്വീകരിക്കുന്നുവെന്നു പറഞ്ഞു മധ്യവർത്തികളായ മാന്ത്രികന്മാർ ആളുകളെ വഞ്ചിക്കുന്നു.

എൻദോരിലുള്ള ഒരു വെളിച്ചപ്പാടത്തിയുടെ വീട്ടിൽ ശൗൽ രാജാവിനു ശമുവേൽ പ്രത്യക്ഷപ്പെടുകയുണ്ടായി. ഈ പ്രത്യക്ഷപ്പെടലിന്റെ വിവരണം ശരിയായി പഠിച്ചാൽ മരിച്ചവരുടെ ആത്മാവുമായി സമ്പർക്കത്തിൽ ഏർപ്പെട്ട വസ്തുതയാണു തെളിയിക്കുന്നത് (1 ശമു: 28: 3–25). ശൗലിനു ശമുവൽ പ്രത്യക്ഷപ്പെട്ടു അവനോടു സംസാരിച്ചു. എന്നാൽ അതു മധ്യവർത്തിയിലൂടെ ആയിരുന്നില്ല. ഈ രംഗത്തിൽ വെളിച്ചപ്പാടത്തി സാധാരണ ഒരു നിരീക്ഷക മാത്രമായിരുന്നു. എൻദോരിലെ ആ രംഗം വഞ്ചനയുടെ പൈശാചിക പദ്ധതി മാത്രമായിരുന്നു. മരിച്ചവരുമായുള്ള സമ്പർക്കത്തിനു പോയതിനാൽ ശൗൽ തെററു ചെയ്തു (1 ദി: വൃ: 10: 13,14) ദൈവം അതിനു അവനെ ശിക്ഷിക്കുകയും ചെയ്തു. മരിച്ചവരുമായി ബന്ധപ്പെടുന്നതു പൈശാചികമാകുന്നു. പൂർണ്ണമായും അതുദൈവത്തിന്റെ മുമ്പിൽ തെററു തന്നെയാണ്.

## ശരീരം ഉയർത്തെഴുന്നേല്ക്കപ്പെടുമോ?

മരിച്ചവർ ഉയർത്തെഴുന്നേല്ക്കപ്പെടുമെന്നു ബൈബിൾ പഠിപ്പിക്കുന്നു. "കല്ലറകളിൽ ഉള്ളവർ എല്ലാവരും അവന്റെ ശബ്ദം കേട്ടു നന്മ ചെയ്തവർ ജീവനായും തിന്മ ചെയ്തവർ ന്യായവിധിക്കായും പുനരുത്ഥാനം ചെയ്വാനുള്ള നാഴിക വരുന്നു (യോഹ: 5: 28, 29) വെന്നു യേശു പ്രഖ്യാപിച്ചു. നീതിമാന്മാരുടെയും നീതികെട്ടവരുടേയും പുനരുത്ഥാനം ഉണ്ടാകുമെന്നു (അ: പ്ര:

24:15) പൗലോസ് പറഞ്ഞു. ശരീരം ഉയർത്തെഴുന്നേല്പിനാൽ രൂപാന്തരപ്പെടും. അതിനാൽ നാം എല്ലാവരും രൂപാന്തരപ്പെടുമെന്നു പൗലോസ് പറയുകയുണ്ടായി. ഈ രൂപാന്തരം നൈമിഷികമാണ്. കണ്ണടച്ചു തുറക്കുന്ന ഒരു നിമിഷത്തിൽ തന്നെ അതു സംഭവിക്കും. മരിച്ചവർ എഴുന്നേല്പിക്കപ്പെടും. ക്രിസ്തുവിൽ ജീവിക്കുന്നവർ മരിക്കേണ്ടിവരികയില്ല. എന്നാൽ അവരുടെ ശരീരം മഹത്വമുള്ളതായി രൂപാന്തരപ്പെടും (ഫിലി: 3.21). ദുഷിപ്പിക്കുന്നതു ദുഷിപ്പിക്കാത്തതിനെ ധരിക്കുന്നു.' മർത്യമായതു അമർത്യത്തേയും ധരിക്കുന്നു (1 കൊരി: 15: 20–57).

യേശു വീണ്ടും വരികയും അവസാന ദിവസത്തിൽ ശരീരങ്ങൾ ഉയർത്തെഴുന്നേല്ക്കപ്പെടുകയും ചെയ്യുമ്പോൾ മനുഷ്യാത്മാവുകൾ പാതാളം വിടുമെന്നു വചനങ്ങൾ പറയുന്നു. അവസാന നാളിൽ ആത്മാവുകൾ പാതാളത്തിൽ നിന്നും ഉയർത്തെഴുന്നേല്പിക്കപ്പെട്ട ശരീരങ്ങൾ ശവകല്ലറകളിൽ നിന്നും വരും. അപ്പോൾ എല്ലാ ആത്മാവുകളും അവരുടെ ഉയർത്തെഴുന്നേല്പിക്കപ്പെട്ട അമർത്യ ശരീരത്തിലേക്കു ഏകീകരിക്കപ്പെടും. (യോഹ: 5:28,29; 1തെസ്സ: 4:14; വെളി: 1:18; 20:13)ഇതായിരിക്കും പാതാളത്തിന്റെ അവസാനം (വെളി: 20:4). എല്ലാ മനുഷ്യർക്കും അവരുടെ നിത്യമായ പ്രതിഫലവും ശിക്ഷയും നൽകപ്പെടുമ്പോൾ മഹത്തായ വിധിദിവസം ഉണ്ടാകും (മത്താ: 12: 41,42; 16:27; 25;31-46; അ. പ്ര: 17; 31; 24:15).

മരണത്തിൽ നിന്നും ഉയർത്തെഴുന്നേറ്റ ക്രിസ്തു "മരണത്തെ നീക്കി സുവിശേഷത്തിലൂടെ ജീവനും അക്ഷയതയും കൊണ്ടുവന്നു" (2 തിമോ: 1:10), ദൈവത്തിന്റെ വിശ്വസ്ത മകന് മരിക്കുന്നതിനു ഭയം കാണുകയില്ല (എബ്രാ: 2:14,15). ക്രിസ്തു മരണത്തെ കീഴടക്കിയെന്നും മരിച്ചവരെല്ലാം എഴുന്നേല്പിക്കപ്പെടുമെന്നും അവൻ അറിയുന്നു. അതിനാൽ സങ്കീർത്തനക്കാരനോടുകൂടി അവനു പറയാൻ കഴിയും മരണത്തിന്റെ കൂരിരുൾ താഴ്വരയിൽ കൂടി നടന്നാലും ഞാൻ ഒരു അനർത്ഥവും ഭയപ്പെടുകയില്ല. എന്തുകൊണ്ടെന്നാൽ നീ എന്റെ കൂടെയാകുന്നു.

(സങ്കീ: 23:4; റോമ. 8: 38,39).

## ഭാവി അംഗീകാരം എന്തായിരിക്കും?

അവസാനമായി സ്വർഗ്ഗത്തിൽ വീണ്ടെടുക്കപ്പെട്ടവർ പരസ്പരം തിരിച്ചറിയുമോ? ഈ വിഷയത്തിൽ ബൈബിൾ നേരിട്ടു ഒന്നും സംസാരിക്കുന്നില്ലായെങ്കിൽ തന്നെയും അവർക്കു അതിനു കഴിയുമെന്നു വചനത്തിലെ പല ഭാഗങ്ങളും ചൂണ്ടി കാണിക്കുന്നു. സ്വർഗത്തിൽ ഭൗതിക ബന്ധങ്ങളൊന്നും നിലനിൽക്കുകയില്ലായെന്നു

യേശു പറഞ്ഞു. (മത്താ: 22:30; മർക്കൊ 12:25). ഓർമ്മശക്തിയും വ്യക്തിപരമായ വ്യത്യാസങ്ങളും തിരിച്ചറിയുന്നതിനു വേണ്ടുന്ന ആവശ്യഘടകങ്ങൾ ഭാവി അവസ്ഥയിൽ നില നിർത്തപ്പെടുമെന്നു അവൻ പഠിപ്പിച്ചു (മത്താ: 25:34-46; വെളി: 6:9,10). പാതാളത്തിൽ ധനവാൻ ലാസറിനെ തിരിച്ചറിഞ്ഞു, കരുണക്കായി യാചിച്ചു. ലൂക്കൊ: 16:23, 24) ക്രിസ്തു മലമുകളിൽ വച്ചു രൂപാന്തരപ്പെട്ടപ്പോൾ പത്രൊസ് മോശെയെയും ഏലിയാവിനെയും തിരിച്ചറിഞ്ഞു. (മത്താ: 17:3-4) സദൃശ്യമെന്ന ഉദാഹരണത്തിലൂടെ സ്വർഗ്ഗത്തിലെ സാമൂഹ്യ ബന്ധങ്ങളെ സംബന്ധിച്ചു യേശുവിന്റെ പ്രസ്താവന വ്യക്തിപരമായ അംഗീകാരത്തെയാണു സൂചിപ്പിക്കുന്നത്. കിഴക്കു നിന്നും പടിഞ്ഞാറു നിന്നും അനേകർ വന്നു അബ്രഹാമിനോടും യിസ്ഹാക്കിനോടും യാക്കോബിനോടും കൂടെ സ്വർഗ്ഗരാജ്യത്തിൽ പന്തിക്കിരിക്കുമെന്നു അവൻ പറഞ്ഞു (മത്താ: 8:11). അബ്രഹാമിനെയും യിസഹാക്കിനെയും യാക്കോബിനെയും അറിയപ്പെട്ടുവോ? അവർ അറിയപ്പെട്ടുവെങ്കിൽ തീർച്ചയായും മററുള്ളവരും അറിയപ്പെടും. പിതാവിന്റെ ഭവനത്തിൽ എല്ലാ ദൈവ മക്കളുടെയും തലമുറ തലമുറയായ ഒരു കുടുംബമായിരിക്കും സ്വർഗ്ഗം. "ദൈവം അവരുടെ കണ്ണുകളിൽ നിന്നും കണ്ണുനീർ തുടച്ചുകളയും" (വെളി: 21:4). നീതിമാന്മാരുടെ ആത്മാവുകൾ ഉയർപ്പിക്കപ്പെടും. അമർത്യമായ ശരീരങ്ങൾ ദൂത ജീവികളുടേതുപോലെ ആയിരിക്കുകയില്ല.

(1കൊരി: 15; 42–54),

ദാവീദിന്റെ മകൻ മരിച്ചു പോയപ്പോൾ വിലപിച്ചു കൊണ്ടു അവൻ പറഞ്ഞു "ഞാൻ അവന്റെ അടുക്കൽ പോവുകയല്ലാതെ അവൻ എന്റെ അടുക്കലേക്കു മടങ്ങി വരുകയില്ല."(2ശമു: 12:23) ദാവീദ് അവനോടുകൂടി വീണ്ടും ചേരുമെന്നാണ് ഇതു അർത്ഥമാക്കുന്നത്. അംഗീകാരത്തിന്റെ പ്രത്യാശ ഇതു സൂചിപ്പിക്കാതിരിക്കുന്നോ? മരണത്തിന്റെ മറുഭാഗത്തു കുഞ്ഞു ഒരിക്കലും അവനെ തിരിച്ചറിയുകയില്ലായിരുന്നുവെങ്കിൽ അവൻ അവന്റെ കുഞ്ഞിന്റെ അടുക്കലേക്കു പോകുമെന്ന ചിന്തയിൽ ദാവീദിനു എന്തു ആശ്വാസം കണ്ടെത്തുവാൻ കഴിയും? പൗലോസ് പറഞ്ഞു അവൻ പരിവർത്തനം ചെയ്തവർ വിശ്വസ്തയുള്ളവരായി നില നിന്നതിനാലും രക്ഷിക്കപ്പെട്ടവരുടെ കൂട്ടത്തിൽ ഉള്ളതിനാലും സ്വർഗ്ഗത്തിൽ അവൻ സന്തോഷമുള്ളവനായിരിക്കും (ഫിലി: 2:16;4:1: 1തെസ്സ: 2:19,20; 2 കൊരി:1:14;4 14) ഓർമ്മശക്തി ഇല്ലാതായി പോവുകയില്ലയെന്നു പൗലോസ് വ്യക്തമായി അറിഞ്ഞു. പഴയ സംസർഗങ്ങൾ പുതുക്കുന്ന സന്തോഷം, പരസ്പരപരിശ്രമങ്ങൾ തിരികെ എണ്ണുന്നതു, ദൈവത്തിനു നന്ദികൾ പറയുന്നതു ഇവ അവൻ മുൻകൂട്ടികണ്ടു. നിലവിളക്കുകളുടെ

നടുവിൽ യോഹന്നാൻ വിവേചിച്ചറിഞ്ഞ ക്രിസ്തു രക്ഷപ്പെട്ടവരുടെ മദ്ധ്യേയുള്ള ഭാവി അംഗീകാരത്തെയാണ് സൂചിപ്പിക്കുന്നത് (വെളി: 1:13).

മനുഷ്യൻ ലോകത്തിൽ ആയിരിക്കുമ്പോൾ സ്വർഗ്ഗത്തെയും ഭാവിജീവിതത്തെയും കുറിച്ചുള്ള അവന്റെ അറിവ് നിയന്ത്രിക്കപ്പെട്ടിരിക്കുന്നു. ശവക്കല്ലറകൾക്കപ്പുറത്തു കാത്തിരിക്കുന്ന സന്തോഷത്തിന്റെ സൂചനകൾ മാത്രമേ ഇന്നും അവനുള്ളു. അപ്പോസ്തലനായ പൗലോസ് താഴെ പറയുന്ന വാക്കുകളാൽ ഇത് പ്രസ്താവിച്ചിരിക്കുന്നു. ''പ്രിയമുള്ളവരേ, നാം ഇപ്പോൾ ദൈവമക്കൾ ആകുന്നു. നാം ഇന്നതു ആകുമെന്നു ഇതുവരെ പ്രത്യക്ഷമായില്ല. അവൻ പ്രത്യക്ഷനാകുമ്പോൾ നാം അവനെ താൻ ഇരിക്കും പോലെ തന്നെ കാണുന്നതാകകൊണ്ടു അവനോടു സദൃശ്യൻമാർ ആകും എന്നു നാം അറിയുന്നു (1യോഹ:3:2; ആ:പു:29:29).

ഇവിടെയുള്ള അവരുടെ വേർപാട് വെറും താല്ക്കാലികമാണെന്നു ക്രിസ്ത്യാനികൾ അറിയുന്നു. അവർക്ക് പരസ്പരം കാണുവാനും സ്വർഗ്ഗത്തിൽ ദൈവത്തിന്റെ കൂടെ എന്നന്നേക്കും വസിക്കുന്നതിനും കഴിയും. ശവക്കല്ലറകൾക്കപ്പുറത്ത് ക്രിസ്ത്യാനികൾക്കു ഉണ്ടായിരിക്കുന്ന ജീവിതവും വരുവാനിരിക്കുന്ന ലോകത്തിൽ വീണ്ടെടുക്കപ്പെട്ട എല്ലാവരോടും കൂടിയുള്ള പുനരൈക്യവും എന്തു അനുഗ്രഹിക്കപ്പെട്ട പ്രതീക്ഷയാകുന്നു! അതിനാൽ ഈ വചനങ്ങളെക്കൊണ്ടു അന്യോന്യം ആശ്വസിപ്പിച്ചുകൊൾവിൻ'' (1തെസ്സ:4:18)

ഞാൻ കഴിഞ്ഞ ലേഖനങ്ങളിൽ പറഞ്ഞ കാര്യങ്ങൾ താഴെ പറയുന്ന വിധത്തിൽ ചുരുക്കമായി വിവരിക്കുന്നു.

# മരിച്ചവർ എവിടെ?

| ഭൂലോകം | പാതാളം | അന്ത്യന്യായവിധി |
|---|---|---|
| ദൈവത്തെ അനുസരിക്കുന്നവർ പിളർപ്പ് ഉറപ്പിച്ചിട്ടില്ല മരണം | പറുദീസ പിളർപ്പ് ഉറപ്പിച്ചിരിക്കുന്നു യാതനാസ്ഥലം | പ്രതിഫലം നൽകപ്പെടുന്നു. ഉറപ്പിച്ചിരിക്കുന്നു ശപിക്കപ്പെടുന്നു |

| | | |
|---|---|---|
| ദൈവത്തെ അനുസരിക്കുന്നവർ വരുന്നു സ്വർഗ്ഗം | ഉയർത്തെഴുന്നേല്പ് | അനുസരിക്കാത്തവർക്ക് പോകുന്നു നരകം |

YOUR ATTENTION PLEASE !

# Radio Srilanka Broadcasts

ENGLISH—*The Voice of Truth*—Speakers: Reggie Gnanasundaram and J. C. Choate

All correspondence should be sent to The Voice of Truth. Post Box 3815, New Delhi–110049.

Mondays— 9 : 00 to 9 : 15 P M.
Fridays— 7 : 45 to 8 : 00 P M.

HINDI *Satya Susamachar*—Speaker : Sunny David.

All correspondence should be sent to Satya-Susamachar, Post Box 3815, New Delhi–110049.

Tuesdays— 9 : 00 to 9 : 15 P,M.
Thursdays— 9 : 00 to 9 : 15 P.M.
Fridays — 9 : 00 to 9 : 15 P.M.
Sundays— 12 : 45 to 1 : 00 P.M.

TELUGU—*The Voice of Truth*—Speaker : Joshua Gootam

All correspondence should be sent to The Voice of Truth Post Box 60, Kakinada–533001.

Sundays— 2 : 30 to 2 : 45 P.M.
Tuesdays— 2 : 30 to 2 : 45 P M.
Thursdays - 2 : 30 to 2 : 45 P.M.
Fridays— 2 : 30 to 2 : 45 P.M.
Saturdays—2 : 30 to 2 : 45 P.M.

TAMIL—*"The Way of Truth"*—Speaker : P. R. Swamy.

All correspondence should be sent to The Way of Truth Post Box 8405. Bangalore - 560084.

Tuesdays— 5 : 30 to 5 : 45 P M.
Thursdays— 6 : 45 to 7 : 00 P.M.
Sundays — 6 : 45 to 7 : 00 P.M.

MALAYALAM—The Voice of Truth—Speaker : P. K. Varghese

All correspondence should be sent to Church of Christ Trivandrum 34, Kerala.

Tuesdays & Fridays— 3 : 45 to 4 : 00 P.M.

KANNADA—The Voice of truth–Speaker Robert Rathnakar–Box. 448, Bangalore–560004

Sundays 1:45 P.M.

## ALL ARE ENCOURAGED TO LISTEN

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

---

Edited, Prinetd and Published by P. K. Varghese Church of Christ Tvm: Printed at P.P Press, for Santhosh Printers Trivandrum.

Reg: No. K. Dis 90095/ 86/ A8, Regd. No KL/TV (N) 22

* You are Cordially Invited *
To Attend

Services and Bible studies

Sunday 10 a.m.
Tuesday 6.30 p. m.

Meeting place

CHURCH OF CHRIST BUILDING
Sunny Meads Lane
Behind Sanskrit College, palayam
Trivandrum-695034

All correspondence should be sent to the Editor Bible Truth, Church of Christ. Trivandrum-34, Kerala. South India.

To

From

**THE BIBLE TRUTH**
Church of Christ
Sunny Meads Lane
Trivandrum-695034